● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2023 ● നവംബർ - ഡിസംബർ ● പുസ്തകം: 06 ● ലക്കം: 06 ● RNI Regn No: KERMAL/2017/73545

# ദൈവം നമ്മോടുകൂടെ

**'ഇമ്മാനുവൽ' അനുഭവം ക്രിസ്മസ് കാലത്തുമാത്രം പരിമിതപ്പെടുന്നതല്ല. എല്ലാക്കാലത്തും ദൈവം നമ്മോടുകൂടെ കൂടാരം തീർക്കുന്ന പദ്ധതിയും പരിപാലനവുമാണത്**



## കവർ സ്റ്റോറി

ഫാ. ജോൺ മണ്ണാറത്തറ സി.എം.ഐ

സിഗുറാത്തുകൾ (Ziggurat) ദേവാലയസമുച്ചയങ്ങളാണ്. മെസപ്പൊട്ടോമിയൻ സംസ്കാരത്തിൽ സുമേറിയക്കാരാണ് ആദ്യമായി സിഗുറാത്തുകൾ നിർമിച്ചത്. മനുഷ്യന് സ്വർഗത്തിലേക്കു ആരോഹണം ചെയ്യുവാനല്ല, മറിച്ച് ദൈവങ്ങൾക്ക് ഭൂമിയിലേക്കിറങ്ങുവാനാണ് സിഗുറാത്തുകൾ നിർമിച്ചത്. 'ഇമ്മാനുവൽ തിയോളജി' മുന്നോട്ടുവയ്ക്കുന്ന സന്ദേശം ആകസ്മികമായി മെസപ്പൊട്ടോമിയൻ സങ്കല്പവുമായി സാദൃശ്യം ഉണ്ട്. 'ദൈവം നമ്മോടുകൂടെ' (ഇമ്മാനുവൽ) ഉള്ള അനുഭവം ക്രിസ്മസ് കാലത്തുമാത്രം പരിമിതപ്പെടുന്നതല്ല. എല്ലാകാലത്തും ദൈവം നമ്മോടുകൂടെ കൂടാരം തീർക്കുന്ന പദ്ധതിയും പരിപാലനയുമാണത്.

നസ്രത്തിലെ മേരിയെന്ന യുവതിയുടെ പക്കലാണ് മാലാഖ മംഗളവാർത്തയുമായി എത്തുന്നത്. രക്ഷകൻ മേരിയിലൂടെയാണ് ജന്മമെടുക്കേണ്ടത് എന്നു തറപ്പിച്ചു പറയുന്നിടത്താണ് മേരി ഉത്കണ്ഠാകുലയാകുന്നത്. 'ഇതെങ്ങനെ സംഭവിക്കും' എന്ന് സന്ദേഹിക്കാത്തവർ ഉണ്ടാകുമോ? മറികടക്കേണ്ട വൈതരണി, അഭിമുഖീകരിക്കേണ്ട വെല്ലുവിളി, ഏറ്റെടുക്കേണ്ട ദൗത്യം, സഹിക്കേണ്ടിവരുന്ന അപവാദം ഇങ്ങനെ നീളുന്ന പ്രശ്നങ്ങൾക്കു മുന്നിലാണ് 'ഇതെങ്ങനെ സംഭവിക്കും' എന്ന് ഒരാൾ സംഭ്രമിക്കുന്നത്. ദൈവം തന്നോടുകൂടെ എന്ന് ഹൃദയത്തിൽ ധ്യാനിച്ചപ്പോഴാണ് ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന് മേരി ഗ്രഹിക്കുന്നത്. ഇങ്ങനെയാണ് ഒരാളിൽ വചനം മാംസമാകുന്നത്. ദൗത്യങ്ങൾക്കും വൈതരണികൾക്കും സമസ്യകൾക്കുംമേൽ ദൈവാരൂപിയുടെ സർഗാത്മക ചലനമാണ് ഉത്കൃഷ്ടജന്മങ്ങൾക്കും സൃഷ്ടികൾക്കും ഹേതുവാകുന്നത്.

ഒരേസ്വരത്തിൽ 'ഇത് അബദ്ധമാകും' എന്ന് ഓർമ്മപ്പെടുത്താനും 'ഇത് പരാജയപ്പെടും' എന്ന് മുന്നറിയിപ്പു നൽകാനും അനേകർ നമുക്കു ചുറ്റുമുണ്ടാകും. ഈ പിൻവിളികളെയും ചിലമ്പലുകളെയും അവഗണിക്കുന്നവരാണ് രക്ഷകന്റെ മാതാപിതാക്കൾ.




മംഗളവാർത്തയിൽ മംഗല്യത്തിന്റെ സുവിശേഷമുണ്ട്. ദൈവത്തിന്റെ വിളി സ്വീകരിക്കുന്ന മേരിയും അവളുമായി വിവാഹനിശ്ചയം ചെയ്ത ജോസഫും രൂപംനൽകുന്ന കുടുംബം സദ്വാർത്തയെ ശിരസാവഹിക്കുകയാണ്. അവർ പിന്നങ്ങോട്ടു സഞ്ചരിക്കുന്നത് ദൈവം കാട്ടുന്ന വഴിയേയാണ്. പ്രവർത്തിക്കുന്നത് സ്വപ്നത്തിൽ ദർശിക്കുന്നതും. മംഗളവാർത്തയിൽ അനുഷ്ഠിക്കേണ്ട ആഹ്വാനങ്ങളുമുണ്ട്. സന്ദേഹമില്ലാതെ ജീവിതപങ്കാളിയെ സ്വീകരിക്കാൻ. ജീവിതത്തിന്റെ അഗ്രാഹ്യമായ കാര്യങ്ങളിൽ ദൈവത്തെ ആശ്രയിക്കാൻ. ജീവിതത്തിൽ ചോദ്യങ്ങളാണ് ഉത്തരങ്ങളേക്കാൾ അധികമെന്ന് ബോധ്യപ്പെടാൻ. അതു ഹൃദയത്തിൽ സംഗ്രഹിച്ച മറിയവും ജോസഫും ശിശുവിനെ സ്നേഹത്തിന്റെ അവതാരമായി സ്വീകരിച്ചു. അങ്ങനെ കുടുംബത്തെ സ്നേഹത്തിന്റെ 'എപ്പിഫെനി'കൾക്കുള്ള വേദിയാക്കി. തിരുക്കുടുംബത്തിൽ നിന്നാണ് പുതിയ യുഗവും നവമാനവികതയും സംജാതമാകുന്നത്.

കുഞ്ഞുങ്ങൾ ദൈവം ഏൽപ്പിച്ച നിക്ഷേപങ്ങളാണെന്നു കരുതുമ്പോഴാണ് മാതാപിതാക്കൾ വിനീതരും കൃതാർത്ഥരുമാകുന്നത്. ഉണ്ണിയേശുവിന്റെ മുന്നിൽ കൈകൾകൂപ്പി നിൽക്കുന്ന യൗസേപ്പിതാവിന്റെ ചിത്രമുണ്ട്. 'I am not Your father, You are mine' ('ഞാൻ നിന്റെ അച്ഛനല്ല, നീ എന്റേതാണ്') എന്നൊരു പാട്ടുണ്ട്.

മേരിയെ വിശ്രമിക്കാൻ വിട്ടിട്ട് കുഞ്ഞിനെ കൈയിലെടുത്ത് ജോസഫ് രാരീരം പാടിയിട്ടുണ്ട്. അമ്മ ഉറങ്ങുമ്പോൾ കുഞ്ഞിന് ആരാണ് കാവൽ? ദൈവമെന്നും അച്ഛനെന്നുമാണ് ഉത്തരം. കുഞ്ഞിനും അമ്മയ്ക്കും കാവലും കവചവുമാണ് അച്ഛൻ.

എല്ലാ മൂല്യങ്ങളുടെയും സ്വരൂപമായി അച്ഛൻ കുട്ടിക്കു മുന്നിൽ ദിനംപ്രതി പിറവിയെടുക്കണം. ജോസഫ് എന്ന അച്ഛനാണ് ദൈവത്തെ പിതാവെന്നു വിളിക്കാൻ യേശുവിനെ പ്രാപ്തനാക്കിയത്. അച്ഛൻ കുഞ്ഞിന്റെ ആകാശഗോവണിയാണ്. സ്വർഗസ്ഥനായ പിതാവിലേക്കുള്ളവഴി ഭൂമിയിലെ അച്ഛനും അമ്മയുമാണ്. ദൈവം അച്ഛനും അമ്മയും പൈതലുമാകുന്ന ആഘോഷമാണ് തിരുപ്പിറവി.

02 വീട് തലയിലേറ്റി നടക്കുന്നവർ
03 നമ്മിലേക്ക് നീളുന്ന ചൂണ്ടുവിരൽ
05 മുരടിക്കുന്ന വളർച്ച
06 കേരളത്തിന്റെ സ്വന്തം ഐഎഎസ്
07 കേന്ദ്രസർക്കാർ ജോലിക്ക് ഒരുങ്ങാം



താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും സംയുക്തമായി ഒരുക്കുന്ന കരോൾഗാന മത്സരം ഫീയസ്റ്റ 2K23

വിശദാംശങ്ങൾ പേജ് 14–ൽ



## എഡിറ്റോറിയൽ

● പുസ്തകം: 6 ● ലക്കം: 6

# വിശുദ്ധനാട് അശാന്തമാകുമ്പോൾ

സകലജനതയ്ക്കും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയുമായി ക്രിസ്മസ് ആഗതമാവുകയാണ്. മനുഷ്യമക്കളോടുള്ള കരുണയാൽ ദൈവസ്നേഹം ഉയിർകൊണ്ടതാണ് ക്രിസ്മസ്. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും രാജാവായ ഉണ്ണീശോയെ ഏറ്റവും ഒരുക്കത്തോടെ സ്വാഗതം ചെയ്യുവാൻ ലോകം മുഴുവൻ ഒരുങ്ങുമ്പോൾ രക്ഷകൻ പിറന്ന്, വളർന്ന ഇടങ്ങളിൽ അശാന്തി പടരുകയാണ്.

യുദ്ധം ലോകത്തിലെവിടെയായാലും എതിർക്കപ്പെടണം. കൊല്ലപ്പെടുന്നവരും മൃതപ്രായമാകുന്നവരും അനാഥരാക്കപ്പെടുന്ന കുഞ്ഞുങ്ങളും പീഡനമേറ്റു വാങ്ങുന്ന സ്ത്രീകളും അഭയാർത്ഥികളായി തീരുന്നവരുമൊക്കെ തീരാവ്യഥകളാണ്. യുദ്ധങ്ങളുടെ കാരണങ്ങൾ പലതാണെങ്കിലും അന്തിമമായി ദുരിതത്തിലാഴ്ത്തുന്നത് ഇളം തലമുറയെയും നിസ്സഹായരായ സ്ത്രീകളെയുമാണ്. പക്ഷേ, ഇന്ന് യുദ്ധത്തെക്കുറിച്ച് പറയുമ്പോൾ മതം മാനദണ്ഡമായി മാറിയിരിക്കുന്നു. ഭാരതം ഇസ്രായേലിനെ പിന്തുണക്കുമ്പോൾ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ പിന്തുണക്കുന്നത് തീവ്രവാദികളെയാണെന്നത് വിരോധാഭാസം. അസർബൈജാനിലെ പതിനായിരക്കണക്കിന് അർമേനിയൻ ക്രിസ്ത്യാനികളെ അവരുടെ സ്വന്തം മണ്ണിൽ നിന്ന് ആട്ടിപ്പായിച്ചത് ഹമാസിനുവേണ്ടി ആവേശഭരിതരാകുന്ന ഇവർ അറിഞ്ഞമട്ടില്ല. വോട്ട് മാത്രം ലക്ഷ്യംവെച്ച പക്ഷപാതപരമായ അഭിപ്രായങ്ങൾ കേരള മണ്ണിൽ തീവ്രവാദത്തിന്റെ വേരുകളാഴ്ത്തുകയാണെന്ന യാഥാർത്ഥ്യം ഭീതിജനകമാണ്.

ഉണ്ണിയേശു പിറവിയെടുത്തത് ദൈവത്തിന്റെ പ്രശാന്തതയിൽ നിന്ന് പ്രപഞ്ചത്തിന്റെ ശാന്തതയിലേക്കാണ്, ജെറുസലേമിന്റെ ബഹളങ്ങളിലേക്ക് അല്ല. ബെത്‌ലഹേമിന്റെ ശാന്തതയിലേക്കാണ് വചനം അവതരിച്ചത്. ശാന്തരാത്രി തിരുരാത്രി ആരവങ്ങളുടെയും അരുതായ്കകളുടെയും രാത്രിയായി മാറുകയാണ് ഈ കാലഘട്ടത്തിൽ. പശ്ചിമേഷ്യ വീണ്ടും പുകയുമ്പോൾ ശാന്തി ലോകം മുഴുവനും പുലരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

യുദ്ധം അകലെ വിശുദ്ധ നാട്ടിലല്ലേ നടക്കുന്നത് അതിന് നമുക്കെന്ത് എന്ന ചിന്ത ഉള്ളിൽ തികട്ടിവരാം. എന്നാൽ വെറുപ്പും വിദ്വേഷവും, കുടിലതയും വക്രതയുമെല്ലാം നമ്മെയും ഭരിക്കുന്നുണ്ടെന്നത് വാസ്തവമാണ്. ബെത്‌ലേഹേമിലെ പ്രശാന്തയിൽ പിറന്ന ഉണ്ണിയേശുവിന് പിറക്കുവാൻ നമുടെ ജീവിത ഇടങ്ങളിൽ ശാന്തത ഒരുക്കാം. ജീവിതം മുഴുവൻ അസ്വസ്ഥതകൾ ചുമന്നു നടക്കാതെ പ്രശാന്തത പരിശീലിക്കുകയും ശാന്തതയുടെ പരിസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാം.

# ജീവിതം മംഗളവാർത്തയാക്കാൻ



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

മനുഷ്യവർഗ്ഗം മുഴുവനുമുള്ള രക്ഷയുടെ മംഗളവാർത്തയാണ് ഈശോയുടെ തിരുപ്പിറവി. ഏദൻ തോട്ടത്തിൽ മനുഷ്യന് സംഭവിച്ച പതനത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പാണ് ബെത്‌ലേഹേമിലെ കാലിത്തൊഴുത്തിൽ ഈശോയുടെ പിറവിയോടെ സംഭവിക്കുന്നത്. ദൈവം തന്റെ ഏകജാതനുവേണ്ടി പരിശുദ്ധ മറിയത്തെയും യൗസേപ്പിതാവിനെയും ഒരുക്കി രക്ഷാകരകർമ്മത്തിൽ പങ്കാളികളാക്കി മാറ്റി. രക്ഷകനെ പൊതിഞ്ഞു സൂക്ഷിക്കുവാൻ ദൈവം കരുതിവച്ച തൊട്ടിലായിരുന്നു പരിശുദ്ധ കന്യകാമറിയം. ഉണ്ണിശോയ്ക്കും കന്യകാമറിയത്തിനും കാവലായി ഒരു ജന്മം മുഴുവൻ യൗസേപ്പിതാവ് സമർപ്പിച്ചു. ഇരുപത്തിയഞ്ചു നോമ്പിലൂടെ നാം കടന്നു പോകുവാൻ ഒരുങ്ങുമ്പോൾ തിരുപ്പിറവിയുടെ ബാഹ്യമായ ആഘോഷങ്ങൾക്കുള്ള ഒരുക്കത്തേക്കാളുപരി ഹൃദയത്തിൽ അവിടുത്തേക്ക് പിറക്കുവാൻ ഇടമൊരുക്കാം. അനാദിയിലെ ദൈവത്തോടുകൂടെ ആയിരുന്ന വചനം മണ്ണിൽ അവതരിക്കുവാൻ തന്നെത്തന്നെ സമർപ്പിക്കുകയും വചനമായി അവതരിച്ചവനെ പരിപാലിക്കുകയും പിന്നീട് അവനോട് കൂടെ നിഴൽ പോലെ സഞ്ചരിച്ച് വചനം ജീവിക്കുകയും ചെയ്ത പരിശുദ്ധ അമ്മയും വിശുദ്ധ യൗസേപ്പും പിറവിത്തിരുനാളിന് ഒരുങ്ങുന്ന നമുക്ക് മാതൃകയാകണം.

തങ്ങളുടെ ജീവിതത്തെ കീഴ്മേൽ മറിക്കുന്ന സഹനങ്ങളെ മറിയവും യൗസേപ്പിതാവും അനുഗ്രഹമാക്കി മാറ്റിയത് ദൈവിക പദ്ധതിയുടെ മുൻപിൽ ശിരസു നമിച്ചാണ്. നാം ഇന്നുമുതൽ പ്രാർത്ഥിക്കേണ്ടത് നമ്മുടെ ഇഷ്ടങ്ങൾ നിറവേറാൻ അല്ല, മറിച്ച് ദൈവേഷ്ടം നമ്മിൽ നിറവേറാനാണ്. നമ്മുടെ സ്വപ്നങ്ങൾ ഉപേക്ഷിച്ച് ദൈവസ്വപ്നങ്ങൾ സ്വന്തമാക്കുക എന്നത് വളരെ ത്യാഗം ആവശ്യപ്പെടുന്നതാണ്. പരിശുദ്ധ മറിയവും യൗസേപ്പിതാവും പുഞ്ചിരിയോടെ തങ്ങളുടെ ഇഷ്ടങ്ങൾ ഉപേക്ഷിച്ച് ദൈവേഷ്ടവഴിയെ യാത്ര ചെയ്യുകയാണ്. അത് അവർക്ക് മാത്രമല്ല ലോകത്തിനു മുഴുവൻ അനുഗ്രഹമാകുന്നു.

ഭാരതത്തിലെ ക്രിസ്ത്യൻ ജനസംഖ്യ ഭീതിജനകമായി കുറയുന്നതിനെക്കുറിച്ച് രൂപതയുടെ മുഖപത്രം ഈ ലക്കം പ്രസിദ്ധീകരിച്ചിരിക്കുന്ന പഠനം നമ്മുടെ കണ്ണുകളെ തുറപ്പിക്കേണ്ടിയിരിക്കുന്നു. ഒരു കാലത്ത് കേരളത്തിലെ പ്രബലമായ സമുദായമായിരുന്ന നമ്മൾ വലിയൊരു ജനസംഖ്യാതളർച്ചയെ അഭിമുഖീകരിക്കുകയാണ്. കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറഞ്ഞതോടുകൂടി നമ്മുടെ സമുദായത്തിന്റെ എല്ലാ തലങ്ങളിലുമുള്ള വളർച്ചയിൽ കുറവു ശ്രദ്ധിക്കപ്പെടുന്നുണ്ട്. ദൈവീക പദ്ധതികളോട് ഓരോ കുടുംബവും വ്യക്തിയും സഹകരിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയോട് അത്രമേൽ സഹകരിച്ച പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും പഠിപ്പിക്കുന്നത് ജീവിക്കുക എന്നാൽ പോരാടുക എന്നതാണ്. ജീവിതപ്രതിസന്ധികളിൽ കരയേണ്ടവരല്ല ക്രിസ്ത്യാനിയെന്ന് ഇവർ ഓരോരുത്തരും ബോധ്യപ്പെടുത്തുന്നു. പരിഭവങ്ങളല്ല, പ്രതിവിധികളാണ് മാതാവും യൗസേപ്പിതാവും സൃഷ്ടിച്ചത്. ജീവിതത്തിലെ സഹനങ്ങളോടും വ്യഥകളോടും പ്രതികരിക്കേണ്ടത് കൃപയുടെ ഭാഷയിലാണ്.

നിരവധി ശത്രുരാജ്യങ്ങളാൽ തകർത്തെറിയപ്പെടുകയും വംശഹത്യക്ക് ഭീകരമാംവിധം ഇരയാകുകയും ചെയ്ത ഇസ്രായേൽ ദേശത്തിന് ഭീകരർ ഈ ദിനങ്ങളിൽ ദുരിതങ്ങൾ വാരിവിതറുകയാണ്. ഈശോ പിറന്ന മണ്ണും അബ്രഹാമിന്റെ സന്തതി പരമ്പരകളും കഷ്ടതയുടെ നാളുകളിലൂടെ കടന്നു പോകുകയാണ്. ഈശോ പിറന്നുവീണ വിശുദ്ധനാടിനു വേണ്ടി ഈ കാലയളവിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

നമ്മുടെ ചുറ്റും സദ്വാർത്തകളല്ല ഇപ്പോൾ നിറയുന്നത്. ഇവിടെ തളരാതെ തിരുപ്പിറവിയ്ക്കായി ദൈവേഷ്ടമനുസരിച്ച് ജീവിച്ച്, ദൈവത്തോടു കൂടെ, അതിജീവനത്തിന്റെ മാതൃക സ്വന്തമാക്കി നമുക്കൊരുങ്ങാം.

# വീട് തലയിലേറ്റി നടക്കുന്നവർ



## അകം പുറം

കെ. എഫ്. ജോർജ്

ജീവജാലങ്ങൾക്ക് പാർക്കാൻ താവളങ്ങളോ പ്രത്യേക ഇടങ്ങളോ ഉണ്ട്. പറവകൾക്ക് കൂടും പാമ്പുകൾക്ക് മാളവുമുണ്ട്. മനുഷ്യൻ വീട് നിർമ്മിച്ച് അതിനുള്ളിൽ വാസമുറപ്പിക്കുന്നു. എന്നാൽ ആമയ്ക്ക് വീടുംപേറി നടക്കാനാണ് വിധി. ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ സ്രഷ്ടാവ് കൊടുത്ത അനുഗ്രഹമാണ് അവന്റെ വീട്. ആക്രമണമുണ്ടാകുമ്പോൾ കട്ടിയുള്ള പുറന്തോടിനുള്ളിലേക്ക് തലവലിച്ച് ആമ രക്ഷപ്പെടും. കക്കകളും ഒച്ചുകളും ഇതുപോലെ വീടുമായി സഞ്ചരിക്കുന്നവരാണ്.

മനുഷ്യർ പലപ്പോഴും ഈ ജീവികളെപ്പോലെ വീട് തലയിലേറ്റി നടക്കുന്നവരാണ്. ആമയുടെ തോട് കവചമൊരുക്കി അവരെ പരിരക്ഷിക്കുന്നുവെങ്കിൽ വീട്ടിലെ സകല പ്രശ്നങ്ങളും വരാൻ സാധ്യതയുണ്ടെന്നു കരുതുന്ന ഗുലുമാലുകളും ചേർന്ന് തലയിലിരിക്കുന്ന വീട് മനുഷ്യനെ ഞെരിച്ചു കളയുന്നു. പരിഹാരം കാണേണ്ട യഥാർഥ പ്രശ്നങ്ങൾ തീർക്കാൻ തീർച്ചയായും വഴികൾ തേടണം. പക്ഷേ പ്രശ്നങ്ങളെന്നു പറഞ്ഞുകൊണ്ടു നടക്കുന്നതിൽ ഏറിയ പങ്കും അവന് എന്തെങ്കിലും നിയന്ത്രണമോ പരിഹാരമോ ഇല്ലാത്ത കാര്യങ്ങളായിരിക്കും.



എന്തിലും ഏതിലും പരാതിയും തൃപ്തികേടുമുള്ളവർ ക്ലേശത്തിൽ നിന്ന് കൂടുതൽ ക്ലേശത്തിലേക്ക് അറിയാതെ നീങ്ങിക്കൊണ്ടിരിക്കും. റോസാച്ചെടിയിൽ നിറയെ മുള്ളുണ്ടെന്നു പരാതിപ്പെടാതെ മുള്ളുള്ള ചെടിയിൽ പൂക്കളുമുണ്ടല്ലോ എന്ന് കരുതാനും പറയാനും കഴിഞ്ഞാൽ തീരുന്ന പ്രശ്നങ്ങളാണ് പലതും.

ഗുരുവായൂരപ്പ ഭക്തനായിരുന്ന പൂന്താനം നമ്പൂതിരി ദീർഘകാലം മക്കളില്ലാത്ത ദുഃഖത്തിലായിരുന്നു. ഒടുവിൽ ഉണ്ണി പിറന്നപ്പോൾ ഇല്ലത്ത് സന്തോഷവും ശാന്തിയും കളിയാടി. എന്നാൽ ആ കുഞ്ഞ് അധികകാലം ജീവിച്ചില്ല. ഭക്തകവിയായ പൂന്താനം ജീവിതം ഭഗവദ് ചിന്തകൾക്കായി മാറ്റിവച്ചു. അപ്പോഴാണ്,

*'ഉണ്ണികൃഷ്ണൻ മനസിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റുവേണമോ മക്കളായ്?'*

എന്നു തുടങ്ങുന്ന വരികളിലൂടെ അദ്ദേഹം ദുഃഖത്തെ മറികടന്ന് വിശ്വദർശനത്തിലേക്ക് ഉയരുന്നത്.

യേശുജനനത്തിൽ സ്വർഗ്ഗീയ വ്യൂഹം ദൈവസ്തുതികൾ പാടുന്നു. ആട്ടിടയന്മാർ ശിശുവിനെ കാണാനെത്തുന്നു. കിഴക്കുദിച്ച നക്ഷത്രത്തിന്റെ വഴിയേ ജ്ഞാനികളെത്തി ശിശുവിനെ ആരാധിക്കുന്നു. അലൗകിക ലാവണ്യം പ്രഭാപൂരിതമാക്കിയ ഈ അന്തരീക്ഷത്തിൽ മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.

പിടിയിലൊതുങ്ങാത്ത കാര്യങ്ങളിൽ ദൈവിക ഇടപെടലിന്റെ മിന്നലുകളുണ്ടാകും. അപ്പോൾ സ്വീകരിക്കേണ്ട ധ്യാനത്തിന്റെയും കാത്തിരിപ്പിന്റെയും മാതൃകയാണിത്. അപ്പോൾ 'അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ' എന്ന പരിശുദ്ധ അമ്മയുടെ വാക്കുകൾ തന്നെയാണ് വഴിവിളക്കാകേണ്ടത്.

പിറന്നുവീണപ്പോൾ തന്നെ ഉണ്ണിയേശു അഭയാർത്ഥിയായി. നാട്ടിലുണ്ടായിരുന്ന നിരപരാധികളായ കുഞ്ഞുങ്ങൾ വാളിനിരയായി. അഭയം തേടി ഉണ്ണിയേശുവിന്റെ കുടുംബം ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടിവന്നു. ഇതിന്റെ ആവർത്തനത്തിൽ നിന്ന് ഇന്നും ആ നാട് മുക്തമല്ല. ഇസ്രായേൽ യുദ്ധത്തിൽ കുഞ്ഞുങ്ങളുമായി കരഞ്ഞുകൊണ്ട് നാടുവിട്ടോടുന്ന കുടുംബങ്ങളുടെ ചങ്കുലയ്ക്കുന്ന ചിത്രങ്ങൾ ഇപ്പോഴും കാണേണ്ടിവരുന്നു.

യേശുവിന് പരാതികളില്ല. 'മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെടും. അവർ അവനെ വധിക്കും' എന്നാണ് ഏറ്റെടുക്കാൻ പോകുന്ന കുരിശുമരണത്തെക്കുറിച്ച് ശിഷ്യരോടുപറഞ്ഞത്. ക്രൂരമായ മരണമാണെന്ന് പൂർണ ബോധ്യമുണ്ടെങ്കിലും അതിന്റെ വിശദാംശങ്ങൾ ശിഷ്യരോട് വിവരിച്ച് പതംപറയാൻ മെനക്കെടുന്നില്ല. കാരണം അത് പൂർണ ബോധ്യത്തോടെ സ്വയം ഏറ്റെടുത്ത ദൗത്യമാണ്.

ചില കുരിശുകൾ എല്ലാവരും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരും. നല്ല മനുഷ്യർക്ക് എന്തിന് ഇത്ര ഭാരമുള്ള കുരിശു കിട്ടുന്നുവെന്ന് സന്ദേഹിച്ചേക്കാം. തന്നെത്തന്നെ പരിത്യജിച്ച് കുരിശുമെടുത്ത് അനുഗമിക്കാനാണല്ലോ കൽപ്പന. ആ യാത്രയിൽ ദുരിതങ്ങളുടെ നടുവിൽ ദൈവം ഇറങ്ങിവന്നുകൊണ്ടേയിരിക്കും. ഈ ബോധ്യമുള്ളവർക്ക് കുരിശിന്റെ ഭാരം ലഘുവായിരിക്കും.

വർഷങ്ങളായി മുട്ടുവേദനകൊണ്ട് കഷ്ടപ്പെടുന്ന എൺപതുകാരനായ ബന്ധുവിനെ കണ്ടപ്പോൾ കുശലത്തിനിടയിൽ ഇപ്പോൾ മുട്ടുവേദന എങ്ങനെയുണ്ടെന്നു ചോദിച്ചു 'നിങ്ങൾക്കൊന്നിനും മുട്ടുണ്ടാവില്ല' എന്നു കർത്താവു പറഞ്ഞിട്ടുണ്ടല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ തമാശ മറുപടി. 'ഞാൻ വേദന സഹിക്കുകയാണ്' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രായത്തിന്റെ അവശതയും വേദനയുമെല്ലാം പരാതികളില്ലാതെ തമാശയിൽ അലിയിച്ചു കളയുന്നു. ക്ലേശങ്ങളുടെ ഭാരം ലഘൂകരിക്കുന്ന ഒരു മനോഭാവമാണത്.

## കുറയുന്ന ക്രിസ്ത്യൻ ജനസംഖ്യ

# നമ്മളിലേക്ക് നീളുന്ന ചൂണ്ടുവിരൽ


**ഓരോ വർഷവും മെലിഞ്ഞ് മെലിഞ്ഞ് ഇല്ലാതാവുന്ന ക്രിസ്ത്യാനിക്ക് തന്റെ പഴയ വീറും വാശിയും, ബോധ്യങ്ങളും നഷ്ടപ്പെട്ടു പോയോ?**

എ. എം. എ. ചമ്പക്കുളം

### ഇന്ത്യൻ ജനസംഖ്യ – മതാടിസ്ഥാനത്തിൽ




### ദശാബ്ദ ജനസംഖ്യാ വളർച്ച
ശതമാനത്തിൽ




തിരുവിതാംകൂറിൽ നിന്ന് മലബാറിന്റെ വിവിധ പ്രദേശങ്ങളിലേയ്ക്ക് കുടിയേറിയ ക്രിസ്ത്യൻ കുടുംബങ്ങൾ പ്രകൃതിയോടും, രോഗങ്ങളോടും പോരാടി ജയിച്ചതിനും, അന്യംനിന്നു പോകാതെ പിടിച്ചു നിന്നതിനും പ്രധാന കാരണം അവരുടെ ദൈവവിശ്വാസവും, കുടുംബത്തിലെ കുട്ടികളുടെ എണ്ണവുമായിരുന്നു. പത്തു പന്ത്രണ്ട് മക്കളുമായി കുടിയേറിയവരായിരുന്നു ഭൂരിപക്ഷവും. മക്കളിൽ ചിലർ മരണപ്പെട്ടു പോയപ്പോഴും അവർക്ക് പ്രതീക്ഷയായി മറ്റു മക്കൾ ബാക്കിയുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ക്രിസ്ത്യൻ കുടുംബങ്ങളിൽ ഒന്നോ രണ്ടോ മക്കൾ മാത്രമായി. മക്കളുടെ എണ്ണത്തിലുണ്ടായ കുറവ് നമ്മുടെ നിലനിൽപ്പിനെ തന്നെ ബാധിച്ചിരിക്കുന്നു, അവകാശപോരാട്ടങ്ങളെ ഇത് പിന്നോട്ടടിക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ ഓരോ പത്തു വർഷം കൂടുമ്പോഴും നടത്തുന്ന ജനസംഖ്യാ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ പുറത്തുവിട്ടിരിക്കുന്ന കണക്കുകളനുസരിച്ച് 1971–ൽ 2.6% ഉണ്ടായിരുന്ന ക്രിസ്ത്യൻ ജനസംഖ്യ 2011 ആയപ്പോൾ 2.3% ആയി കുറയുകയാണുണ്ടായത്. ആകെ ജനസംഖ്യ കോടികളായി കൂടുമ്പോൾ ഓരോ ദശാംശത്തിനും ലക്ഷങ്ങളുടെ കണക്കാണ്. അതായത് 2.6% ൽ നിന്നും 2.3%–ൽ എത്തുമ്പോൾ ലക്ഷങ്ങളുടെ കുറവാണ് ജനസംഖ്യയിൽ വന്നിരിക്കുന്നത് എന്ന് നാം അറിയണം. 2011–ൽ നിന്നും 12 വർഷങ്ങൾ കഴിയുമ്പോൾ വീണ്ടും നമ്മൾ എണ്ണത്തിൽ താഴോട്ടാണ്. ഇന്ത്യയിലെ ഹിന്ദു ജനസംഖ്യ 1961–ൽ 84.4% ആയിരുന്നത് 2011 ൽ 80.5% ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ മുസ്ലീം ജനസംഖ്യ 1961–ൽ 9.9% ആയിരുന്നത് 2011–ൽ ഉയർന്ന് 13.4% ആയി മാറി. ഇന്ത്യയിലെ സ്ഥിതി ആകെ പരിശോധിച്ചാൽ ക്രിസ്ത്യാനികൾ ജനസംഖ്യയിൽ ലക്ഷങ്ങളായി കുറയുമ്പോൾ ഹിന്ദുക്കളുടെ എണ്ണം കോടികളായി കുറഞ്ഞു വരുന്നു.

കേരളത്തിന്റെ കാര്യമെടുത്താൽ 2011–ൽ ആകെയുള്ള ന്യൂനപക്ഷ ജനസംഖ്യ 1,50,27,796 ആയിരുന്നു. അതിൽ 88,73,472 (59.5%) മുസ്ലീം, 61,41,269 (40.87%) ക്രിസ്ത്യൻ എന്നതായിരുന്നു കണക്ക്. എന്നാൽ തുടർന്നു വന്ന വർഷങ്ങളിലെ ജനന മരണ നിരക്ക് പരിശോധിക്കുമ്പോൾ ഞെട്ടിക്കുന്ന ചില യാഥാർത്ഥ്യങ്ങൾ ക്രിസ്ത്യൻ സമൂഹങ്ങൾ മനസിലാക്കേണ്ടിയിരിക്കുന്നു.

പേജ് നാലിൽ തുടരുന്നു ▸






# കണക്കുകൾ ഉയർത്തുന്ന ചോദ്യങ്ങൾ

**ഭൂതകാലബോധ്യങ്ങളുള്ള ഇന്നത്തെ മുതിർന്ന തലമുറ കടന്നു പോയാൽ നമ്മുടെ പിൻഗാമികൾ സ്വന്തം നാട്ടിൽ അന്യരാക്കപ്പെടും. നീറിപ്പുകയുന്ന അഗ്നിപർവത സമാനമായ അന്തരീക്ഷത്തിൽ നിന്ന് വർഗീയതയുടേയും, അഴിമതിയുടേയും ലാവ പൊട്ടിയൊഴുകി നാട് വെന്തുവെണ്ണീറാവാതിരിക്കാൻ നാം ഇവിടെ ഉണ്ടായേ തീരൂ**

▸ *മൂന്നാം പേജിൽ നിന്നു തുടർച്ച*

2022-ൽ സംസ്ഥാന സർക്കാർ പുറത്തുവിട്ട ജനന മരണ കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ 2020-ൽ ആകെ ജനിച്ച കുട്ടികൾ 4,46,891 ആയിരുന്നു. അതിൽ 62265 (13.93%) മാത്രമായിരുന്നു ക്രിസ്ത്യൻ മാതാപിതാക്കൾക്ക് ജനിച്ചത്. ഹിന്ദു മാതാപിതാക്കൾക്ക് 185411 (41.48%) കുട്ടികൾ ജനിച്ചപ്പോൾ മുസ്ലീം മാതാപിതാക്കൾക്ക് ജനിച്ചത് 1,96,136 (43.88%) കുട്ടികളായിരുന്നു. കേരളത്തിൽ ഒരു കാലത്ത് 40% ഉണ്ടായിരുന്ന ക്രിസ്ത്യൻ ജനസംഖ്യ 13.93% ലേയ്ക്ക് എത്തി നില്ക്കുന്നു.

## ജനന കണക്ക് 2021


2021-ലെ കേരളത്തിലെ ജനന കണക്കുകൾ പ്രകാരം ആകെ ജനിച്ച കുട്ടികൾ 4,19,767 പേർ. അതിൽ ക്രിസ്ത്യൻ മാതാപിതാക്കൾക്ക് ജനിച്ച കുട്ടികളുടെ എണ്ണം 59,766 (14.23%) മാത്രമാണ്. മുൻവർഷത്തേക്കാൾ ചെറിയ ഒരു വളർച്ച കാണിക്കുന്നുണ്ട്. അതേ സ്ഥാനത്ത് ഹിന്ദു മാതാപിതാക്കൾക്ക് ജനിച്ചത് 1,81,396 (43. 21%) കുട്ടികളും, മുസ്ലീം മാതാപിതാക്കൾക്ക് ജനിച്ചത് 1,69,296 (40.33%) കുട്ടികളുമായിരുന്നു. 2021-ൽ കോവിഡ് മഹാമാരി കുട്ടികളുടെ എണ്ണം കുറയുന്നതിന് പൊതുവിൽ കാരണമായി.

## അമ്മമാരുടെ പ്രായം

കേരളത്തിലെ ക്രിസ്ത്യൻ ജനസംഖ്യ കുറയുന്നതിന്റെ വ്യക്തമായ കാരണങ്ങൾ സംസ്ഥാന ജനന മരണ കണക്കിലെ അമ്മമാരുടെ പ്രായം അവലോകനം ചെയ്താൽ വ്യക്തമാകും. 2020-ൽ 27,031 ക്രിസ്ത്യൻ യുവതികൾ മാത്രമാണ് 30 വയസിന് മുമ്പ് അമ്മയായത്, അതേ സ്ഥാനത്ത് 74,863 മുസ്ലീം സ്ത്രീകൾ 30 വയസിന് മുമ്പ് അമ്മമാരായിരുന്നു. 2021-ലേയ്ക്ക് വരുമ്പോൾ 25 വയസിന് മുമ്പ് കുട്ടികൾക്ക് ജന്മം നല്കിയത് 10,878 ക്രിസ്ത്യൻ അമ്മമാരെങ്കിൽ അതേ പ്രായത്തിലുള്ള മുസ്ലീം സ്ത്രീകളുടെ എണ്ണം 55,613 ആയിരുന്നു. അതായത് ഏകദേശം അഞ്ച് ഇരട്ടി വ്യത്യാസം.

പ്രസവപ്രായം നീണ്ടു പോകുന്നതുകൊണ്ടുള്ള പ്രധാന പ്രശ്നം തലമുറയുടെ വിടവാണ്. ഉദാഹരണത്തിന് 'എ' എന്ന സ്ത്രീ 20 – 22 വയസിൽ അമ്മയാകുന്നു. അവർ 40 – 45 വയസിൽ വല്യമ്മയാകും, 60 – 65 വയസിൽ മൂന്നാം തലമുറയെ കാണും. എന്നാൽ 30 – 32 വയസിൽ അമ്മയാകുന്ന 'ബി' എന്ന സ്ത്രീ അതേ രീതിയിൽ അടുത്ത തലമുറയും മുന്നോട്ട് പോയാൽ 60 – 65 വയസിൽ വല്യമ്മയാകും. അതായത് 'എ' എന്ന സ്ത്രീക്ക് 60 വയസിൽ 3 തലമുറയുണ്ടാകുമ്പോൾ 'ബി'യ്ക്ക് അതേ കാലയളവിൽ രണ്ട് തലമുറ മാത്രമേ ഉണ്ടാകുന്നുള്ളു. ഇന്ന് കേരളത്തിലെ ക്രിസ്ത്യൻ സമൂഹം സഭകളുടെ വേർതിരിവ് ഇല്ലാതെ 'ബി' എന്ന സ്ത്രീയുടെ അവസ്ഥയിലായിരിക്കുന്നു.

### കേരളത്തിലെ ജനന നിരക്ക്




മറ്റ് ചില സമൂഹങ്ങളിൽ മൂന്ന് തലമുറകൾ ഉണ്ടാകുമ്പോൾ ക്രിസ്ത്യൻ സമൂഹങ്ങൾ രണ്ട് തലമുറയിലേയ്ക്ക് ചുരുക്കപ്പെടുന്നു. (ഹിന്ദുക്കളും ഇതേ പ്രശ്നം അഭിമുഖീകരിക്കുന്നു). അഞ്ചു പതിറ്റാണ്ടുകൾക്ക് മുൻപ് ക്രിസ്ത്യൻ തറവാടുകളിൽ അമ്മമാരുടെ അവസാന പ്രസവവും, മൂത്ത പെൺമക്കളുടെ ആദ്യ പ്രസവവും തമ്മിൽ വലിയ അകലം ഇല്ലായിരുന്നു. അന്ന് പെൺകുട്ടികൾ 18-20 വയസിൽ വിവാഹിതരായിരുന്നു. എന്നാൽ ഇന്ന് അത് 30-32 അതിന് മുകളിലുമായി മാറിയതാണ് ക്രിസ്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാ ശോഷണത്തിന്റെ മുഖ്യകാരണം. 2021-ൽ ആകെ ജനിച്ച 59,766 ക്രിസ്ത്യൻ കുട്ടികളിൽ 22,830 പേരും 30 വയസിന് മുകളിലുള്ള അമ്മമാർക്ക് ജനിച്ചവരായിരുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

## മരണനിരക്ക്

2021-ൽ കേരളത്തിൽ ആകെ സംഭവിച്ച മരണങ്ങൾ 3,39,648. ഇതിൽ 1,80,297 (53.08 %) ഹിന്ദുക്കളും, 65,066 (19.15%) മുസ്ലീംങ്ങളും 65,984 (19.42%) ക്രിസ്ത്യാനികളുമായിരുന്നു. ജനനനിരക്ക് കുറയുകയും മരണ നിരക്കിൽ കുറവു വരാതിരിക്കുകയും ചെയ്യുന്നത് ക്രിസ്ത്യൻ സമൂഹം നേരിടുന്ന വലിയ പ്രതിസന്ധിയാണ്. 2021-ലെ കണക്കെടുക്കുകയാണെങ്കിൽ 59,766 ജനനം ഉണ്ടായപ്പോൾ മരണം 65,984 ആയിരുന്നു. അതായത് ജനന-മരണ വ്യത്യാസം കൊണ്ട് മാത്രം കേരളത്തിലെ ജനസംഖ്യയിൽ നിന്ന് 6218 ക്രിസ്ത്യാനികൾ കുറയുകയുണ്ടായി. ജനിച്ചവരേക്കാൾ കൂടുതൽ മരിച്ച വിഭാഗമാണ് ക്രിസ്ത്യനികൾ എന്നതാണ് വാസ്തവം. കേരള ജനസംഖ്യയിൽ 2021-ൽ ആകെ 1,099 ഹിന്ദുക്കൾ കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ ജനന-മരണ കണക്കിന്റെ വ്യത്യാസത്തിൽ മാത്രം 1,04,230 മുസ്ലീങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു എന്ന് കാണാം. ജനന-മരണ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ, ഹിന്ദുക്കൾ ജനസംഖ്യയിൽ നാമമാത്രമായി കൂട്ടിച്ചേർക്കപ്പെടുമ്പോൾ ക്രിസ്ത്യാനികൾ ആയിരക്കണക്കിന് ഓരോ വർഷവും കുറയുന്നതായും, മറ്റു ചില വിഭാഗങ്ങൾ എണ്ണത്തിൽ ലക്ഷങ്ങളായി കൂട്ടിച്ചേർക്കപ്പെടുന്നതായും രേഖകൾ വ്യക്തമാക്കുന്നു.

2021-ൽ 65,984 ക്രിസ്ത്യാനികൾ മരിച്ചതിൽ 41,942 പേരും 70 വയസിന് മുകളിൽ പ്രായമുള്ളവരായിരുന്നു എന്ന വസ്തുത കണക്കാക്കുമ്പോൾ ക്രിസ്ത്യൻ വിഭാഗത്തിന്റെ ഒരു മുതിർന്ന തലമുറയുടെ മാത്രം പ്രദേശമായി ഈ കൊച്ചു കേരളം മാറുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കണക്കുകൾ നമ്മെ കുഴപ്പിക്കുകയാണ്. ഓരോ വർഷവും മെലിഞ്ഞ് മെലിഞ്ഞ് ഇല്ലാതാവുന്ന ക്രിസ്ത്യാനിക്ക് തന്റെ പഴയ വീറും വാശിയും, ബോധ്യങ്ങളും നഷ്ടപ്പെട്ടു പോയോ? അന്യദേശങ്ങൾ തേടുമ്പോഴും, നാട്ടിൽ വേരുറപ്പിക്കുന്ന മറ്റ് വിഭാഗങ്ങളെ നാം പിൻചെല്ലേണ്ടിയിരിക്കുന്നു. എല്ലാ സൗകര്യങ്ങളും സുരക്ഷിതത്വവും ഒരുക്കി മാത്രം വിവാഹം എന്ന കാഴ്ചപ്പാടും, വെള്ളക്കോളർ ജോലി എന്ന മിഥ്യയും മാറ്റിവയ്ക്കണം. യാഥാർത്ഥ്യങ്ങളും കാലത്തിന്റെ ചുവരെഴുത്തുകളും വിശകലനം ചെയ്യാനും, ബോധ്യപ്പെടാനും അതിൽ നിന്ന് പഠിക്കാനും ശ്രദ്ധിച്ചില്ലെങ്കിൽ വരാനിരിക്കുന്ന കാലം നമ്മുടേതാവില്ല എന്ന കാര്യം നാം മനസിലാക്കണം.

## ക്രിസ്ത്യാനി എങ്ങോട്ട്?

തൊഴിലില്ലായ്മയും, സ്വജനപക്ഷപാതവും, സംവരണങ്ങളോട് മത്സരിച്ച് വിജയിക്കാനാവില്ല എന്ന പേടിയും പടിഞ്ഞാറിന്റെ പച്ചപ്പ് തേടി പോകാൻ ക്രിസ്ത്യൻ യുവത്വങ്ങളെ നിർബന്ധിതരാക്കുന്നുണ്ടാവാം. അങ്ങനെ പോകുമ്പോൾ നമ്മുടെ വ്യക്തിത്വവും, നമ്മുടെ പൂർവികർ നട്ടുവളർത്തി ഈ നാടിന് സംഭാവന ചെയ്ത വലിയ സംസ്കാരവും സ്നേഹ സംസ്കൃതിയുമാണ് നാം ഉപേക്ഷിച്ച് പോകുന്നത്. പോരാട്ടവീര്യം നഷ്ടപ്പെട്ട് അഴിമതിക്കാർക്കു മുമ്പിൽ അടിയറവ് പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്ന് നാം ഒളിച്ചോടുമ്പോൾ ഒന്ന് ഓർക്കണം. ഇപ്പോൾ ഇല്ല എങ്കിൽ, ഇനി ഒരിക്കലും ഒരു തിരിച്ച് വരവ് നമുക്ക് ഉണ്ടാവില്ല. ഭൂതകാലബോധ്യങ്ങളുള്ള ഇന്നത്തെ മുതിർന്ന തലമുറ കടന്നു പോയാൽ നമ്മുടെ പിൻഗാമികൾ സ്വന്തം നാട്ടിൽ അന്യരാക്കപ്പെടും. ഇന്ന് കുഴപ്പങ്ങൾ ഇല്ല എന്ന് തോന്നാം, എന്നാൽ നീറിപ്പുകയുന്ന അഗ്നിപർവത സമാനമായ അന്തരീക്ഷത്തിൽ നിന്ന് വർഗീയതയുടേയും, അഴിമതിയുടേയും ലാവ പൊട്ടിയൊഴുകി നാട് വെന്തുവെണ്ണീറാവാതിരിക്കാൻ നാം ഇവിടെ ഉണ്ടായേ തീരൂ. ഇത് നമുക്ക് നമ്മോട് മാത്രമുള്ള കടമയല്ല. ഈ സുന്ദര ഭൂമിയോടുള്ള തീർത്താൽ തീരാത്ത കടപ്പാടും ഉത്തരവാദിത്വവുമാണ്. നാം ഭൂമിയുടെ ഉപ്പാണ്. ഉപ്പിന് ഉറകെട്ടുകൂടാ. ഒന്നിച്ച് നിൽക്കാം, ഒരുമയോടെ. ആ പഴയകാല കുടിയേറ്റ അനുഭവങ്ങളിലേയ്ക്കും അക്കാല സൗഹൃദ സഹകരണത്തിലേയ്ക്കും തിരിച്ച് നടക്കാം. നമ്മുടെ വരാനിരിക്കുന്ന തലമുറകൾക്കു കൂടി അവകാശപ്പെട്ടതാണ് ഈ ഭൂമി എന്ന ബോധ്യത്തോടെ.

3-ാം ചരമവാർഷികം
08-11-2023

ഷിജോ തോമസ് (ഉണ്ണി)
കിഴക്കരക്കാട്ട്, ചെമ്പനോട
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# മുരടിക്കുന്ന വളർച്ച

**കുത്തനെ കുറയുന്ന ജനനനിരക്കും വർദ്ധിച്ച മരണനിരക്കും കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തിന്റെ നിലനിൽപ്പിനുമേലുള്ള ആണിയടിയാണ്. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കേരളത്തിലെ ക്രിസ്ത്യൻ സമൂഹം വരുംനാളുകളിൽ ഈ പാത പിന്തുടർന്നാൽ ഇല്ലാതാകും എന്നത് തീർച്ച**

**അമൽ സിറിയക് ജോസ് വേളാശ്ശേരിൽ**

1950 കാലഘട്ടത്തിൽ 22 ശതമാനത്തിൽ അധികം ഉണ്ടായിരുന്ന കേരളത്തിലെ ക്രിസ്ത്യൻ സമൂഹം 2001-ലെ സെൻസസ് കണക്ക് പ്രകാരം 19.02 ശതമാനവും ശേഷം 2011-ലെ കണക്ക് പ്രകാരം 18.38 ശതമാനവുമായി കുറഞ്ഞു. കേരളത്തിൽ ക്രിസ്ത്യൻ ജനസംഖ്യ ഈ കഴിഞ്ഞ വർഷങ്ങളിൽ കുത്തനെ താഴുന്നതായിട്ടാണ് Kerala State Economics and Statistics Division Department പുറത്തിറക്കുന്ന 'Annual Vital Statistics Report' ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഉദാഹരണത്തിന് അവസാനമായി ഇറങ്ങിയ 2021-ലെ റിപ്പോർട്ടിൽ 2021-ൽ കേരളത്തിൽ ജനിച്ച ക്രിസ്ത്യൻ കുട്ടികൾ – 59,766. അതേസമയം 2021-ൽ കേരളത്തിൽ മരിച്ച ക്രിസ്ത്യാനികൾ – 65,984. അതായത് പ്രസ്തുത വർഷം 6218 പേരുടെ കുറവ് ക്രിസ്ത്യൻ സമുദായത്തിൽ ഉണ്ടായി. അതേസമയം മറ്റൊരു ന്യൂനപക്ഷ വിഭാഗമായ മുസ്ലിം വിഭാഗത്തിന്റെ കണക്കിൽ 2021-ൽ കേരളത്തിൽ ജനിച്ച മുസ്ലിം കുട്ടികൾ – 1,69,296. 2021-ൽ കേരളത്തിൽ മരിച്ച മുസ്ലിങ്ങൾ – 65,066. അതായത് 2021-ൽ 1,04,230 പേരുടെ വർദ്ധനവ് മുസ്ലിം സമുദായത്തിൽ ഉണ്ടായി.

1980-ന് മുമ്പ് കേരളത്തിൽ കുറച്ചെങ്കിലും പ്രബലമായ ഒരു സമൂഹമായി ക്രൈസ്തവർ കണക്കാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് കൂടുതൽ കുട്ടികൾ ഉള്ള കുടുംബങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ്. പ്രത്യേകിച്ച് കുടിയേറ്റ മേഖലയിലും കുട്ടനാടൻ മേഖലയിലുമുള്ള നസ്രാണികൾ മണ്ണിനോട് പടവെട്ടി പൊന്ന് വിളയിച്ചത് സഹോദരങ്ങളുടെയും മക്കളുടെയും ബലംകൊണ്ടാണ്. മക്കൾ ആണ് സമ്പത്ത്, മക്കളുടെ എണ്ണം കുറയുംതോറും കുടുംബങ്ങൾ ഇല്ലാതാകും ആ സമൂഹവും ഇല്ലാതാവും. ഇതാണ് ലോകത്തിൽ എല്ലായിടത്തും സംഭവിക്കുന്നത്.

***കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ കടന്നുകൂടിയ ചില തെറ്റിദ്ധാരണകൾ പരിശോധിക്കാം:***

## എണ്ണത്തിലല്ല മൂല്യത്തിനാണ് കാര്യം

'Quality ആണ് പ്രധാനം Quantity' അല്ല. ചില സഭാ/സമുദായ പ്രതിനിധികൾ ജനസംഖ്യ വിഷയത്തിൽ ഇങ്ങനെ സംസാരിക്കുന്നത് ബോധ്യം ഇല്ലാതെയാണ് എന്ന് പറയേണ്ടി വരും. കാരണം 'Quality' നമുക്ക് മാറ്റാൻ സാധിക്കും എന്നാൽ 'Quantity' മാറ്റാൻ പറ്റില്ല. അതായത് 10 പേര് മതി എന്ന് വിചാരിക്കുകയും അവർക്ക് ക്വാളിറ്റി കൊടുക്കുകയും ചെയ്താലും അതിൽ ഏഴു പേരേ ക്വാളിറ്റിയിൽ രൂപപ്പെട്ട് വരുകയുള്ളൂ. എന്നാൽ 50 പേർക്ക് കുറച്ച് ക്വാളിറ്റി കൊടുത്താൽ അതിൽ 30 പേരെങ്കിലും ക്വാളിറ്റിയിൽ രൂപപ്പെട്ടു വരും. മാത്രമല്ല 10 പേർ 10 മേഖലയിൽ വ്യാപരിക്കുമ്പോൾ 50 പേരുണ്ടെങ്കിൽ 50 മേഖലയിൽ വ്യാപരിക്കാൻ ആ സമൂഹത്തിന് കഴിയും. മക്കളുടെ എണ്ണം ഒന്നിലും രണ്ടിലും ഒതുക്കി ലോൺ എടുത്ത് ക്വാളിറ്റി കൂട്ടി ഇപ്പോൾ അനാഥമായി കഴിയുന്ന മാതാപിതാക്കൾ ഈ സമൂഹത്തിൽ വർധിക്കുന്നത് വലിയ ആശങ്കയായി അനുദിനം മാറുന്നു.

## നാം രണ്ട് നമുക്ക് രണ്ട്

1970 കളുടെ തുടക്കത്തിൽ വ്യാപകമായ 'വന്ധ്യംകരണ വിപ്ലവ'ത്തിന്റെ ഒരു ഇര കേരളത്തിലെ ക്രിസ്ത്യൻ സമൂഹമാണ്. സ്വാതന്ത്ര്യസമര പങ്കാളിത്തവും കേരളത്തിലെ വിദ്യാഭ്യാസനയങ്ങളും കമ്മ്യൂണിസ്റ്റ് നിരീശ്വരവാദ വിഷയങ്ങളും കേരളത്തിലെ നല്ല പങ്ക് ക്രിസ്ത്യാനികളെ കോൺഗ്രസ് അനുഭാവികളാക്കിയിരുന്നു. ആ അവസരത്തിൽ വന്ന 'വന്ധ്യംകരണ വിപ്ലവം' അന്നുവരെയുണ്ടായിരുന്ന ക്രൈസ്തവ കുടുംബസങ്കൽപ്പത്തെയും ദൈവവചനത്തെയും 'ദരിദ്രവിഷയം' എടുത്തുയർത്തി നമ്മൾ തന്നെ തകിടം മറിച്ചു. കേരളത്തിൽ ഇന്ന് ഏകദേശം 70 ശതമാനത്തിൽ അധികം ക്രിസ്ത്യാനികളും ചെറുതും വലുതുമായ വന്ധ്യംകരണ മാർഗങ്ങൾ അവലംബിക്കുന്ന അവസ്ഥയിലേക്ക് ഇത് എത്തിച്ചു. 1970-ന് ശേഷം കേരളത്തിലെ 70% ശതമാനത്തിൽ അധികം ക്രിസ്ത്യൻ കുടുംബങ്ങളിലും മക്കളുടെ എണ്ണം രണ്ടോ അതിൽ കുറവോ ആണ്. 1970-ന് മുൻപ് കേരളത്തിൽ ഏറ്റവും അധികം ജനന നിരക്ക് ഉണ്ടായിരുന്ന ക്രിസ്ത്യൻ സമൂഹം ഇന്ന് നെഗറ്റീവ് നിരക്കിൽ താഴ്ന്നിരിക്കുകയാണ്.

### ജനസംഖ്യാ വർദ്ധന*


**2011 മുതൽ 2021 വരെ**

| | | |
|---|---|---|
| ക്രൈസ്തവർ | – | 83,842 |
| മുസ്ലിം | – | 10,09,630 |
| ഹിന്ദു | – | 3,99,043 |

**ഒരു മാസത്തെ ശരാശരി വർദ്ധന**

| | | |
|---|---|---|
| ക്രൈസ്തവർ | – 698 | (ദിവസം 23) |
| മുസ്ലിം | – 8,413 | (ദിവസം 280) |
| ഹിന്ദു | – 3,325 | (ദിവസം 110) |

### നോർമൽ ഡെലിവറി / സിസേറിയൻ*




*(Annual Vital Statistics Report പ്രകാരം തയ്യാറാക്കിയത്)*

## സാമ്പത്തിക ഭദ്രത ഇല്ലായ്മ

ഇന്ത്യയിൽ പുരുഷന്റെ വിവാഹ പ്രായം 21-ഉം സ്ത്രീയുടേത് 18-ഉം ആണ്. പഠനം കഴിഞ്ഞിട്ട്, ജോലി ആയിട്ട്, കടങ്ങൾ തീർത്തിട്ട്, വീട് വെച്ചിട്ട്, സ്ഥലം മേടിച്ചിട്ട്, വിദേശത്ത് പോയിട്ട്, ഗവണ്മെന്റ് ജോലി കിട്ടിയിട്ട്, കുറച്ചു സേവിങ്സ് ആയിട്ട്... ഇങ്ങനെ നേരെ നിൽക്കാൻ കാരണങ്ങൾ കണ്ടെത്തി വിവാഹം നീട്ടി വയ്ക്കുന്നു. അവസാനം 30 വയസ് കഴിഞ്ഞ് വലിയ ദുരവസ്ഥയിലേക്ക് പോകുന്നു. അങ്ങനെ അനേകർ വിവാഹം കഴിക്കാതെ നിൽക്കുന്നു. ഒരു സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഏറ്റവും ഉപകാരപ്പെടുന്ന സംവരണം ഈ സമൂഹത്തിന് നിഷേധിക്കപ്പെട്ടു. മറ്റൊരു ആശ്വാസമായ ന്യൂനപക്ഷ ആനുകൂല്യങ്ങൾ കവർന്നെടുക്കപ്പെട്ടു. ഇപ്പോൾ ലഭിക്കുന്ന EWS സംവരണവും, ന്യൂനപക്ഷ ആനുകൂല്യങ്ങളിൽ ഈ കഴിഞ്ഞ നാളുകളിൽ ഉണ്ടായ അറിവും ഈ സമൂഹത്തിൽ കുറച്ചെങ്കിലും മാറ്റം കൊണ്ടുവരട്ടെ എന്ന് ആശിക്കാം.

## വൈകിയുള്ള വിവാഹം

ഒരു പക്ഷേ, കുറച്ചു സ്ത്രീകൾ വളരെ നീരസത്തോടെ കാണുന്ന ഒരു വിഷയമാണിത്. എന്നാൽ വസ്തുത കാണാതെ പോകരുതല്ലോ. മുമ്പ് പറഞ്ഞ കേരള സർക്കാരിന്റെ 2021-ലെ റിപ്പോർട്ടിലുള്ള കണക്ക് തന്നെ എടുക്കാം. 25 വയസിന് മുമ്പാണ് ഗർഭം ധരിക്കാൻ അനുയോജ്യമായ പ്രായം എന്ന് ആരോഗ്യ വിദഗ്ദ്ധർ പറയുന്നതിനെ ശരിവെയ്ക്കുന്നതാണ് റിപ്പോർട്ടിലെ ഈ കണക്ക്. 25 വയസിന് താഴെ കുഞ്ഞ് ജനിച്ച സ്ത്രീകളിൽ 61.19% നോർമൽ ഡെലിവറിയാണ്. 38.81% മാത്രമാണ് Caesarean/Forceps/Vacuum delivery. എന്നാൽ 25 – 29 വയസ്സിനിടയ്ക്ക് കുട്ടികൾ ഉണ്ടായവരിൽ നോർമൽ ഡെലിവറി 53.26%, Caesarean/Forceps/Vacuum 46.71%. 30 വയസിന് മുകളിൽ കുട്ടികൾ ഉണ്ടായവരിൽ നോർമൽ ഡെലിവറി 46.79%, Caesarean/Forceps/Vacuum 53.32%. അതായത് 25 വയസിന് ശേഷം നോർമൽ ഡെലിവറി സാധ്യത കുറയുകയും Caesarean സാധ്യത കൂടുകയും ചെയ്യുന്നു.

ഇത് ക്രിസ്ത്യൻ കുടുംബങ്ങളിൽ എങ്ങനെ സ്വാധീനിക്കുന്നു എന്ന് പറയാം. 2021-ലെ ക്രിസ്ത്യാനികളുടെ കണക്കിൽ ആദ്യ കുട്ടിയുണ്ടായത്, 25 വയസിന് താഴെയുള്ള അമ്മമാർക്ക് ജനിച്ചത് വെറും 8,146 (27.96%) കുട്ടികളും 25 വയസിന് മുകളിൽ 20,988 (72.04%) കുട്ടികളുമാണ്. 2021-ൽ ജനിച്ച മുഴുവൻ ക്രിസ്ത്യൻ കുട്ടികളുടെ കണക്കിൽ, 25 വയസിന് താഴെയുള്ള അമ്മമാർക്ക് ജനിച്ചത് വെറും 10,874 (18.21%) കുട്ടികളും 25 വയസിന് മുകളിൽ 48,839 (81.78%) കുട്ടികളുമാണ്. അതായത് ഏകദേശം 60 ശതമാനത്തിൽ അധികം ക്രിസ്ത്യൻ കുട്ടികളും ജനിച്ചത് സിസേറിയൻ വഴിയാകാനാണ് സാധ്യത.

## ഇനി എന്ത്?

ഈ സാഹചര്യങ്ങൾ മനസിലാക്കി ചെറുപ്രായത്തിൽ മാതാപിതാക്കളുടെ സഹായത്തോടെ വിവാഹം കഴിച്ച് കുടുംബങ്ങളിൽ കൂടുതൽ കുട്ടികൾ എന്ന നിലയിലേക്ക് ക്രിസ്ത്യൻ കുടുംബങ്ങൾ വളർന്നില്ലെങ്കിൽ 2001 നവംബർ മാസം Centre for Development Studies, Govt. of India പുറത്തിറക്കിയ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജനസംഖ്യയെപ്പറ്റിയുള്ള പഠന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ കേരളത്തിലെ ക്രിസ്ത്യൻ സമൂഹം പാഴ്സി സമുദായത്തിന്റെ അവസ്ഥയിലെത്തി (Parsi syndrome) ഇല്ലാതാകും.

ഇനി ചിലർ ചോദിക്കുമായിരിക്കും, ജനസംഖ്യ കൂടിയാൽ ഭൂമിയിൽ ഭക്ഷണക്ഷാമം ഉണ്ടാവില്ലേ? ഈ ചിന്താഗതി അർത്ഥശൂന്യമാണ്. കാരണം 1960-ൽ ദാരിദ്ര്യം ഉണ്ടായിരുന്നു എന്നാൽ ഇന്ന് അതിൽ എത്രയോ ആളുകൾകൂടി എന്നാൽ ദാരിദ്ര്യം താഴ്ന്നു. ജനസംഖ്യയിൽ വളരുന്ന രാജ്യമായ ഇന്ത്യ ആഗോള തലത്തിൽ വൻ വളർച്ച രേഖപ്പെടുത്തുന്നു. ജനസംഖ്യകുറവുള്ള രാജ്യങ്ങൾ തകർന്നടിയുന്നു, കൂടുതൽ ആളുകളെ സ്വീകരിക്കുന്നു. ജനസംഖ്യാ വളർച്ച യഥാർത്ഥത്തിൽ മനുഷ്യരാശിയുടെ ഏറ്റവും വലിയ വെല്ലുവിളികളെ നേരിടാനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. കൂടുതൽ ആളുകൾ ജോലി ചെയ്യുന്നതുവഴി കൂടുതൽ ഉൽപാദനം കൃഷിയിലും മറ്റ് മേഖലകളിലും ഉണ്ടാകുന്നു. കൂടുതൽ കണ്ടുപിടുത്തങ്ങൾ ഉണ്ടാകുന്നു ഉത്പാദനക്ഷമത വർധിക്കുന്നു.

കുത്തനെ കുറയുന്ന ജനനനിരക്കും വർധിച്ച മരണനിരക്കും കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തിന്റെ നിലനിൽപ്പിന് മേലുള്ള ആണിയടിയാണ്. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കേരളത്തിലെ ക്രിസ്ത്യൻ സമൂഹം വരുംനാളുകളിൽ ഈ പാത പിന്തുടർന്നാൽ ഇല്ലാതാകും എന്നത് തീർച്ച. അതിനു തടയിടണമെങ്കിൽ കുടുംബത്തിൽ ദൈവം തരുന്ന കുട്ടികളെ സ്വീകരിക്കുക. കൂടുതൽ കുട്ടികൾ, കൂടുതൽ സന്തോഷം എന്നതായിരിക്കട്ടെ മുദ്രാവാക്യം.

സ്നേഹസ്മരണയ്ക്ക്



REV. FR. BABU KUZHUMBIL CMI
PUSHPAGIRI, KOODARANJI
24-04-1965 24-10-2023
പ്രാർത്ഥനയോടെ, സന്തപ്തകുടുംബാംഗങ്ങൾ

# കെഎഎസ്: കേരളത്തിന്റെ സ്വന്തം ഐഎഎസ്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെഎഎസ്) പരീക്ഷ പടിവാതിക്കൽ എത്തി നിൽക്കുകയാണ്. കേരള സർക്കാരിനു കീഴിലെ ഏറ്റവും ആകർഷകമായ ജോലികളിൽ ഒന്നാണിത്. ഒന്ന് ശ്രമിച്ചാൽ എളുപ്പത്തിൽ കെഎഎസ് നേടാം**



കരിയർ കോർണർ

സുബിൻ മാത്യു



കോരളത്തിന് തനതായ ഒരു സിവിൽ സർവീസ് വേണമെന്ന ആശയത്തിന് സംസ്ഥാന രൂപീകരണത്തോളം പഴക്കമുണ്ട്. അയൽ സംസ്ഥാനങ്ങളിൽ TAS (Tamilnadu Administrative Service), KAS (Karnataka Administrative Service) തുടങ്ങിയ പ്രാദേശിക സിവിൽ സർവീസുകൾ നിലവിൽ വന്നിട്ട് വർഷങ്ങളായി. ഈ സന്ദർഭത്തിൽ 2018 ലാണ് കേരള സർക്കാർ കെഎഎസ് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

## ആകർഷണങ്ങൾ

കേരള സർക്കാർ ഉദ്യോഗങ്ങളിൽ ഏറ്റവും ഉയർന്ന വേതനം ലഭിക്കുന്ന ജോലിയാണ് കെഎഎസ്. ഏത് കോർപ്പറേറ്റ് ശമ്പള പാക്കേജിനെയും കവച്ചുവയ്ക്കുന്ന തരത്തിലാണ് കെഎഎസ് ശമ്പളവും ആനുകൂല്യങ്ങളും. ഉദ്യോഗസ്ഥ ശ്രേണിയിൽ ഐഎഎസുകാർക്ക് തൊട്ടുതാഴെയാണ് കെഎഎസുകാരുടെ സ്ഥാനം. കെഎഎസിൽ എട്ട് വർഷം സർവീസ് പൂർത്തീകരിച്ചാൽ ഐഎഎസ് കൺഫേർഡ് ആയി ലഭിക്കും. നിലവിൽ മലയാളികൾക്ക് കേരള കേഡർ ഐഎഎസ് ലഭിക്കണമെങ്കിൽ യുപിഎസ്സി പരീക്ഷയിൽ രാജ്യത്ത് ആദ്യ ഇരുപത് റാങ്കുകളിൽ ഇടം നേടണം. കടുത്ത മത്സരമുള്ള യുപിഎസ്സി പരീക്ഷയിൽ ഈ ഉന്നത റാങ്കുകളിൽ എത്തുക എന്നത് ശ്രമകരമാണ്. അതായത് സ്വന്തം നാട്ടിൽ ഏറ്റവും മികച്ച ജോലിയിൽ എത്തിപ്പെടാനുള്ള സുവർണ്ണാവസരമാണ് കെഎഎസ് തുറന്നു തരുന്നത്.

## യോഗ്യത, അപേക്ഷാരീതി

ബിരുദമുള്ള ഏതൊരാൾക്കും കെഎഎസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. കേരള പിഎസ്സിയുടെ തുളസി വെബ് പോർട്ടൽ വഴി സൗജന്യമായി അപേക്ഷ നൽകാം.

കെഎഎസ് പോസ്റ്റുകളെ മൂന്നായി വിഭജിച്ചാണ് പരീക്ഷയും നിയമനവും നടത്തുന്നത്.

● **സ്ട്രീം 1:** ബിരുദ യോഗ്യതയുള്ള, 20 മുതൽ 32 വയസ് പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

● **സ്ട്രീം 2:** കേരള സർക്കാർ നോൺ ഗസറ്റഡ് ജീവനക്കാർക്കാണ് ഈ ലെവലിൽ അപേക്ഷിക്കുവാൻ സാധിക്കുക. പ്യൂൺ, ക്ലാർക്ക് തുടങ്ങിയ സർക്കാർ ജീവനക്കാർക്ക് മുൻനിരയിൽ എത്താൻ മികച്ച അവസരമാണിത്. 40 വയസ്സ് വരെയാണ് പ്രായപരിധി.

● **സ്ട്രീം 3:** കേരള സർക്കാർ ഗസ്റ്റഡ് ഉദ്യോഗസ്ഥർക്കാണ് ഈ ലെവലിൽ അപേക്ഷിക്കാൻ സാധിക്കുക. 50 വയസുവരെയാണ് പ്രായപരിധി.

## പരീക്ഷാഘടന

പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് കെഎഎസ് പരീക്ഷ നടത്തപ്പെടുന്നത്. മെയിൻ പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കുകളാണ് അവസാന റാങ്ക് ലിസ്റ്റ് നിർണയത്തിന് ഉപയോഗിക്കുക.

പ്രിലിംസ് പരീക്ഷയ്ക്ക് നൂറ് മാർക്കിന്റെ 2 പേപ്പറുകളാണ് ഉണ്ടായിരിക്കുക. മെയിൻസ് പരീക്ഷയ്ക്ക് 100 മാർക്കിന്റെ മൂന്ന് പേപ്പറുകൾ ഉണ്ടായിരിക്കും. അവസാന ഘട്ടമായി 50 മാർക്കിന്റെ ഇന്റർവ്യൂ ഉണ്ടായിരിക്കും.

## പരിശീലനം 'മിനി മസൂറിയിൽ'

യുപിഎസ്സി സിവിൽ സർവീസ് പരീക്ഷ പാസാകുന്നവർക്ക് പരിശീലനം നൽകുന്നത് ഉത്തരാഖണ്ഡിലെ മസൂറി ലാൽ ബഹദൂർ ശാസ്ത്രി അക്കാദമിയിലാണ്. കെഎഎസ് മൂന്ന് ഘട്ട കടമ്പ പൂർത്തിയാക്കുന്നവർക്ക് പരിശീലനം നൽകുന്നത് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലാണ്. 18 മാസം നീണ്ടു നിൽക്കുന്ന പരിശീലനം നിലവിൽ കേരളത്തിലെ ഏറ്റവും മികച്ച ട്രെയിനിങ്ങുകളിൽ ഒന്നാണ്. കെഎഎസ് ജോലിക്ക് വേണ്ട ഫീൽഡ് ട്രെയിനിങ്, നിയമവശങ്ങൾ, മറ്റ് ഭരണകാര്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ്.

## ഫൗണ്ടേഷൻ കോഴ്സ്

രണ്ടാം ഘട്ട പരിശീലനം കേരളത്തിലെ വിവിധ ജില്ലകളിലെ കലക്ടർമാരുടെ കീഴിലാണ്. ഭാവിയിൽ ഒരു ജില്ലയെ നയിക്കേണ്ടവർ എന്ന നിലയിൽ കെഎഎസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ജില്ലാ ഭരണ പരിചയം ഇതുവഴി ലഭിക്കുന്നു.

## കേരള ദർശൻ, ഭാരത് ദർശൻ

കെഎഎസ് പരിശീലനത്തിന്റെ ഏറ്റവും രസകരമായ അനുഭവങ്ങളിൽ ഒന്നാണ് യാത്രകൾ. കേരളത്തിലെ 14 ജില്ലകളിലൂടെ ഒരു മാസം നീളുന്നതാണ് കേരള ദർശൻയാത്ര. ഇതിലൂടെ കേരളത്തിന്റെ പ്രധാനപ്പെട്ട ഭൂസവിശേഷതകൾ, ചരിത്രസാംസ്കാരിക കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാനും ആസ്വദിക്കാനുമുള്ള മികച്ച അവസരമാണിത്.

അതിലേറെ ആവേശം തരുന്നതാണ് ഭാരത് ദർശൻ എന്ന് വിവിധ കെഎഎസ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. ഒരു മാസത്തിന് മുകളിൽ നീണ്ടു നിൽക്കുന്ന ഈ ബൃഹത്തായ യാത്രയിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളും സന്ദർശിക്കുന്നു. രാജ്യത്തിന്റെ തന്ത്രപ്രധാന സ്ഥലങ്ങളായ രാഷ്ട്രപതി ഭവൻ, ഡൽഹിയിലെ കേന്ദ്രസെക്രട്ടറിയേറ്റ് സമുച്ചയം മുതൽ വടക്കുകിഴക്കൻ മലനിരകൾ വരെ ഈ യാത്രയിൽ ഉൾപ്പെടുന്നു.

കേരളത്തിലെ ഏറ്റവും മികച്ച സിവിൽ ഉദ്യോഗസ്ഥരാണ് ഈ ട്രെയിനിങ്ങിന് നേതൃത്വം നൽകുന്നത്. കേരളത്തിന്റെ അധികാര ഇടനാഴികളിൽ കയറിച്ചെല്ലാൻ കെഎഎസ് ട്രെയിനിങ്ങിനേക്കാളും മികച്ച വഴികളില്ല.

> ● **ബിരുദ യോഗ്യതയുള്ള, 20 മുതൽ 32 വയസ് പ്രായമുള്ളവർക്ക് അപേക്ഷിക്കാം.**
>
> ● **തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 18 മാസം നീളുന്ന പരിശീലനം. പരിശീലന കാലയളവിൽ കേരള ദർശൻ, ഭാരത ദർശൻ യാത്രകൾ**
>
> ● **പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തന്ത്ര പ്രധാന തസ്തികകളിൽ നിയമനം**
>
> ● **8 വർഷം സർവീസ് പൂർത്തിയാക്കിയാൽ കൺഫേർഡ് ഐഎഎസ്**

## പേരിനൊപ്പം കെഎഎസും

സിവിൽ സർവീസ് പരിശീലനം പൂർത്തിയാക്കിയവർ പേരിനൊപ്പം ഐഎഎസ് ചേർക്കുന്നതുപോലെ കെഎഎസ് ട്രെയിനിങ് പൂർത്തിയാക്കുന്നവർക്ക് പേരിനൊപ്പം കെഎഎസ് ചേർക്കാമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

2023 ൽ പരിശീലനം പൂർത്തിയാക്കിയ 104 പേർ അഭിമാനത്തോടെ തങ്ങളുടെ പേരിനൊപ്പം ഈ മൂന്ന് അക്ഷരം ചേർക്കും. അതോടെ കേരളത്തിലെ ഗ്ലാമറസ് സർക്കാർ ജോലികളിൽ ഒന്നായി കെഎഎസ് മാറും എന്നതിൽ സംശയമില്ല.

## തന്ത്ര പ്രധാന തസ്തികകൾ

കെഎഎസ് പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള സെക്രട്ടേറിയേറ്റിൽ അണ്ടർ സെക്രട്ടറി, ജില്ലകളിൽ ഡെപ്യൂട്ടി കലക്ടർ തുടങ്ങി കേരളത്തിലെ ഏറ്റവും തന്ത്രപ്രധാനമായ തസ്തികകളാണ് ലഭിക്കുക. കേരളത്തിന്റെ മാത്രമല്ല കേന്ദ്രസർക്കാർ പദ്ധതികളിലും കെഎഎസുകാർ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. ഈയിടെ കഴിഞ്ഞ ജി-20 സമ്മേളനത്തിൽ നേതൃത്വം നൽകുന്നതിൽ ആദ്യ ബാച്ച് കെഎഎസുകാർ മുൻപന്തിയിലുണ്ടായിരുന്നു.

ചുരുക്കിപറഞ്ഞാൻ, കേരള പിഎസ്സി എഴുതി നേടിയെടുക്കാവുന്ന ഏറ്റവും ഉന്നത സർക്കാർ ജോലിയാണ് കെഎഎസ്. സ്വന്തം നാട്ടിൽ ജോലി ചെയ്യാൻ ഇതിലും മികച്ച അവസരമില്ല.

## എങ്ങനെ തയ്യാറെടുക്കാം

യുപിഎസ്സി സിവിൽ സർവീസ് പരീക്ഷ പോലെ അതികഠിന പരീക്ഷയല്ല കെഎഎസ്. കേരള പിഎസ്സി നടത്തുന്ന പരീക്ഷയായതിനാൽ ശരാശരി വിദ്യാർത്ഥികൾക്കും മികച്ച രീതിയിൽ തയ്യാറെടുത്താൽ നേടിയെടുക്കാവുന്നതേയുള്ളൂ. 2019-ന് ശേഷം നടന്ന കേരള പിഎസ്സി ഡിഗ്രി ലെവൽ ചോദ്യപേപ്പറുകളാണ് പരീക്ഷ തയ്യാറെടുപ്പിൽ വഴികാട്ടി. സിലബസ് അടിസ്ഥാനപ്പെടുത്തി NCERT/SCERT ബുക്കുകളെ അടിസ്ഥാനമാക്കി പഠനം ക്രമീകരിക്കാം.

## ഇത് സുവർണ്ണാവസരം

ആദ്യ കെഎഎസ് നോട്ടിഫിക്കേഷൻ വന്നത് 2018-ലാണ്. പിന്നീട് നോട്ടിഫിക്കേഷൻ വരുന്നത് 2023-ൽ അതായത് നിലവിൽ അഞ്ച് വർഷത്തിലൊരിക്കൽ മാത്രമാണ് കെഎഎസ് പരീക്ഷ നടത്തപ്പെടുന്നത്. അതിനാൽ കേരളത്തിലെ ഏറ്റവും മികച്ച സർക്കാർ ജോലിയിൽ എത്താൻ ഇതിലും നല്ല അവസരമില്ല. അവസരങ്ങളെ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്നവൻ ജീവിതത്തിൽ വിജയം നേടും.

(ലേഖകൻ Lead IAS- KAS Learning Forum മേധാവി)

# കേന്ദ്രസർക്കാർ ജോലിക്ക് ഒരുങ്ങാം

**സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന കംബൈൻഡ് ഹയർസെക്കൻഡറി ലെവൽ, ജൂനിയർ എൻജിനീയർ, ജൂനിയർ ട്രാൻസലേറ്റർ, മൾട്ടി ടാസ്ക്കിങ് സ്റ്റാഫ്, സ്റ്റെനൊഗ്രഫർ എന്നീ പരീക്ഷകളെ ഈ ലക്കത്തിൽ പരിചയപ്പെടാം**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

കേരള പിഎസ്സിയ്ക്ക് സമാനമായി കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പരീക്ഷ നടത്തുന്നത് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (എസ്എസ്സി) ആണ്. എസ്എസ്സിയുടെ പ്രധാന പരീക്ഷയായ കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ പരീക്ഷയെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വിവരിച്ചിരുന്നു. എസ്എസ്സിയുടെ മറ്റ് പരീക്ഷകളെ ഈ ലക്കത്തിൽ പരിചയപ്പെടാം.

### ഹയർ സെക്കൻഡറി ലെവൽ

കൂടുതൽ ഉദ്യോഗാർത്ഥികൾ എഴുതുന്ന സ്റ്റാഫ് സെലക്ഷൻ കമ്മീഷന്റെ രണ്ടാമത്തെ പ്രധാന പരീക്ഷയാണ് കംബൈൻഡ് ഹയർ സെക്കണ്ടറി ലെവൽ എക്സാം. അടിസ്ഥാന യോഗ്യത പ്ലസ്ടു ആയതിനാൽ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളാണ് വർഷം തോറും ഈ പരീക്ഷ എഴുതുന്നത്. ഉയർന്ന യോഗ്യതയുള്ളവർക്കും എഴുതാവുന്നതാണ്. പോസ്റ്റൽ അസിസ്റ്റന്റ്, സോർട്ടിങ് അസിസ്റ്റന്റ്, എൽ. ഡി. ക്ലാർക്ക്, ഡേറ്റ എൻട്രി ഓപ്പറേറ്റർ തുടങ്ങി തസ്തികകളിലേക്കാണ് നിയമനം. 27 വയസാണ് ഉയർന്ന പ്രായപരിധി. രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന ഓൺലൈൻ ഒബ്ജക്റ്റീവ് പരീക്ഷ പാസാകുന്ന ഉദ്യോഗാർത്ഥികൾക്ക് ടൈപ്പിങ് സ്കിൽ ടെസ്റ്റ് കൂടി ഉണ്ടായിരിക്കും.

### ജൂനിയർ എൻജിനീയർ

ഇന്ത്യയിലെ എൻജിനീയറിങ് ബിരുദ/ ഡിപ്ലോമക്കാരുടെ സ്വപ്ന പരീക്ഷയാണ് എസ്.എസ്.സി. ജൂനിയർ എൻജിനീയർ പരീക്ഷ. ഏതെങ്കിലും വിഷയത്തിൽ എൻജിനീയറിങ് ബിരുദം/ ഡിപ്ലോമയാണ് അടിസ്ഥാന യോഗ്യത. ഉയർന്ന പ്രായപരിധി 30 വയസാണ്. രണ്ട് ഘട്ട എഴുത്തു പരീക്ഷയും തുടർന്ന് ഇന്റർവ്യൂവും ഉണ്ടായിരിക്കും.

### ജൂനിയർ ട്രാൻസ്ലേറ്റർ

ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യമുള്ളവർക്ക് കിട്ടാവുന്ന സർക്കാർ ജോലികളിൽ മികച്ച ഒന്നാണ് ജൂനിയർ ട്രാൻസ്ലേറ്റർ തസ്തിക. യോഗ്യരായ ഉദ്യോഗാർത്ഥികൾ താരതമ്യേന കുറവുള്ള തസ്തികയായതിനാൽ മത്സരം മറ്റ് പരീക്ഷകളെപ്പോലെ അത്ര കടുപ്പമേറിയതാകില്ല. ജൂനിയർ ഹിന്ദി ട്രാൻസ്ലേറ്റർ, ഹിന്ദി ട്രാൻസ്ലേറ്റർ, ഹിന്ദി പ്രാധ്യാപക് തുടങ്ങിയ തസ്തികകളിലാണ് നിയമനം. 30 വയസാണ് ഉയർന്ന പ്രായപരിധി. ഇംഗ്ലീഷ്/ ഹിന്ദിയിൽ ബിരുദാനന്തര ബിരുദം പഠിച്ചവർക്കാണ് അവസരം. ഇംഗ്ലീഷ് പി.ജിക്കാർ ഡിഗ്രിതലത്തിലെങ്കിലും ഹിന്ദി ഒരു വിഷയമായി പഠിച്ചിരിക്കണം. അതുപോലെ തിരിച്ചും.

എഴുത്തു പരീക്ഷ, വ്യക്തിത്വ പരിശോധന, ഇന്റർവ്യൂ എന്നിവയിലൂടെയാണ് തിരഞ്ഞെടുപ്പ്. ആദ്യഘട്ട ഒബ്ജക്ടീവ് പരീക്ഷയിൽ ജനറൽ ഇംഗ്ലീഷ്, ജനറൽ ഹിന്ദി എന്നിവ സിലബസിൽ ഉണ്ടാകും. രണ്ടാം ഘട്ട പരീക്ഷയിൽ തർജമയും ഉപന്യാസരചനയും ഉണ്ടാകും. രണ്ട് പരീക്ഷയും 200 മാർക്കിന്റേതാണ്.

### മൾട്ടി ടാസ്കിങ് സ്റ്റാഫ്

പിഎസ്സിയിലെ പ്യൂൺ, ക്ലാർക്ക് തസ്തികകൾക്ക് സമാനമായ തസ്തികയാണ് എസ്.എസ്.സിയുടെ മൾട്ടി ടാസ്കിങ് സ്റ്റാഫ്. കേന്ദ്ര സർവീസിലെ ഗ്രൂപ്പ് സി നോൺ ഗസറ്റഡ്, വിവിധ മന്ത്രാലയങ്ങളിലെ നോൺ മിനിസ്റ്റീരിയൽ പോസ്റ്റുകളിലേക്കുള്ള പരീക്ഷയാണിത്.

പത്താം ക്ലാസ് മിനിമം യോഗ്യതയുള്ള 18 മുതൽ 25 വരെ വയസ് പ്രായപരിധി ഉള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന യോഗ്യതയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. മലയാളം ഉൾപ്പെടെ 13 ഭാഷകളിൽ ഈ പരീക്ഷ നടക്കുന്നുണ്ട്. അതിനാൽ പിഎസ്സിക്ക് ഒരുങ്ങുന്നവർക്കും ഇത് എഴുതാൻ എളുപ്പമാണ്. പരീക്ഷയ്ക്ക് രണ്ട് വിഭാഗങ്ങളുണ്ട്. സെക്ഷൻ –1 ൽ ന്യൂമെറിക്കൽ എബിലിറ്റി, റീസണിങ് എന്നിവയിൽ നിന്നായി മൂന്ന് മാർക്കിന്റെ 40 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഇതിന് 30 ശതമാനം മാർക്ക് നേടി ക്വാളിഫൈ ചെയ്താൽ മതി. സെക്ഷൻ–2 ൽ ജനറൽ അവയർനെസ്, ഇംഗ്ലീഷ് എന്നിവയിൽ നിന്ന് മൂന്ന് മാർക്കിന്റെ 50 ചോദ്യങ്ങൾ. നെഗറ്റീവ് മാർക്ക് ഈ സെഷനിൽ ഉണ്ട്. ഈ സെഷന്റെ മാർക്കാണ് ഇന്റർവ്യൂവിന് വിളിക്കാൻ പരിഗണിക്കുക. കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ പരീക്ഷയാണിത്. കസ്റ്റംസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിലെ മൾട്ടി ടാസ്ക് സ്റ്റാഫായ ഹവിൽദാർ പോസ്റ്റിലേക്കും എം.ടി.എസിനൊപ്പം പരീക്ഷ നടത്തുന്നുണ്ട്. ഈ വിഭാഗക്കാർക്ക് ശാരീരിക യോഗ്യത പരീക്ഷയും ഉണ്ടാകും.

### സ്റ്റെനൊഗ്രഫർ

സ്റ്റെനൊഗ്രഫർ ഗ്രേഡ് സി ആന്റ് ഗ്രേഡ് ഡി എന്നീ രണ്ട് വിഭാഗങ്ങളിലേക്കാണ് ഈ വിഭാഗത്തിൽ പരീക്ഷ നടത്തുന്നത്. പ്ലസ്ടുവാണ് മിനിമം യോഗ്യത. ഉയർന്ന യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. പ്രായപരിധി 18 മുതൽ 30 വരെയാണ്. വിവിധ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലും മന്ത്രാലയങ്ങളിലും സ്റ്റെനോഗ്രാഫർമാരുടെ പോസ്റ്റ് ഉണ്ട്. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ പരീക്ഷയ്ക്ക് മൂന്ന് വിഭാഗങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ ഉണ്ടാകുക. ജനറൽ ഇന്റലിജെൻസ് ആന്റ് റീസണിങ് (50 മാർക്ക്), ജനറൽ അവയർനെസ് (50 മാർക്ക്), ഇംഗ്ലീഷ് ആന്റ് ലാംഗ്വേജ് കോമ്പ്രിഹെൻഷൻ (100 മാർക്ക്) ഓരോ മാർക്കിന്റെ മൊത്തം 200 ചോദ്യങ്ങൾ. നെഗറ്റീവ് മാർക്ക് ഉണ്ടാകും. മാത്സ് ആന്റ് ന്യൂമെറിക്കൽ എബിലിറ്റി പരീക്ഷയ്ക്ക് ഇല്ലായെന്നുള്ളതാണ് ഈ പരീക്ഷയുടെ ഒരു പ്രത്യേകത. ഇംഗ്ലീഷിലോ ഹിന്ദിയിലോ പരീക്ഷ എഴുതാം.

### അപേക്ഷ സമർപ്പണം ഇങ്ങനെ

● പിഎസ്സി മാതൃകയിൽ ഒറ്റത്തവണ ആദ്യം രജിസ്ട്രേഷൻ നടത്തണം. www.ssc.nic.in എന്ന വെബ്സൈറ്റിൽ ഇതിനുള്ള സൗകര്യം ലഭ്യമാണ്. ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് മാത്രമേ എസ്.എസ്.സി അപേക്ഷകൾ സമർപ്പിക്കാൻ ലോഗിൻ ചെയ്യാനാകൂ. ഒരിക്കൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ പിന്നീട് എപ്പോൾ വേണമെങ്കിലും എസ്.എസ്.സിയുടെ സൈറ്റിൽ കയറാനും പാസ്‌വേർഡ് നൽകി എസ്.എസ്.സിയുടെ പരീക്ഷ അടക്കമുള്ള നോട്ടിഫിക്കേഷനുകൾ കാണാനും കഴിയും. സൈറ്റിലെ Latest Notification ക്ലിക്ക് ചെയ്യുമ്പോൾ നിലവിൽ അപേക്ഷിക്കാവുന്ന തസ്തികകൾ കാണാനാകും. ഈ ലിങ്ക് ഉപയോഗിച്ച് പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കാം. അപേക്ഷ ഫീസ് ഓൺലൈനായും ഓഫ് ലൈനായും അടയ്ക്കാൻ കഴിയും. 100 രൂപ മാത്രമാണ് അപേക്ഷ ഫീസ്. Application History എന്ന ലിങ്കിലൂടെ അപേക്ഷകന് മുൻപ് അപേക്ഷിച്ച തസ്തികകളുടെ വിവരങ്ങൾ അറിയാനാകും. അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു തസ്തികയ്ക്ക് ഏതെങ്കിലും ഒരു റീജിയണിലേക്ക് മാത്രമേ അപേക്ഷിക്കാനാകൂ. റീജിയൺ ആസ്ഥാനം ബാംഗ്ലൂർ ആയിട്ടുള്ള കർണാടക – കേരളം ഉൾപ്പെടെ പത്തോളം റീജിയണുകളാണുള്ളത്.


ക്രിസ്ത്യൻ വിവാഹങ്ങൾക്ക്
അമല മാട്രിമോണി
+91 9207 61 27 65
FOR FREE REGISTRATION
www.amalamatrimony.com
AMALA MATRIMONY
A CHRISTIAN MATRIMONY RUN BY CMI FATHERS

ഡൽഹി – ആഗ്ര – അമൃത്സർ യാത്ര
കോഴിക്കോട് – ഡൽഹി (തിരിച്ചും) വിമാന യാത്ര

ഇന്ത്യാഗേറ്റ്, രാജ്ഘട്ട്, ചെങ്കോട്ട, ഗോൾഡൻ ടെമ്പിൾ, ജാലിയൻ വാലാബാഗ്, വാഗാ ബോഡർ, ആഗ്രാ ഫോർട്ട്, താജ്മഹൽ, അക്ഷർദാം ടെമ്പിൾ, രാഷ്ട്രപതി ഭവൻ, ലോട്ടസ് ടെമ്പിൾ, കുത്തബ് മിനാർ, മഥുര ടെമ്പിൾ...
2024 ഏപ്രിൽ. മേയ് മാസങ്ങളിൽ പുറപ്പെടുന്നു. ബുക്കിങ് ആരംഭിച്ചിരിക്കുന്നു.

● ടിക്കറ്റുകൾ മൂന്ന് മാസം മുന്നേ ബുക്ക് ചെയ്യേണ്ടതിനാൽ ഇപ്പോൾ തന്നെ നിങ്ങളുടെ സീറ്റുകൾ ഉറപ്പാക്കുക

● കോഴിക്കോട് - ഡൽഹി വിമാനയാത്ര
● ഡൽഹി-അമൃത്സർ ട്രെയിൻ യാത്ര
● അമൃത്സർ - ആഗ്ര ട്രെയിൻ യാത്ര
● ആഗ്ര - ഡൽഹി AC ബസ് യാത്ര
● ഡൽഹി - കോഴിക്കോട് വിമാനയാത്ര
7 ദിവസങ്ങൾ... നിറയെ കാഴ്ചകൾ
● 2 രാത്രി ഡൽഹി ● 2 രാത്രി അമൃത്സർ ● 1 രാത്രി ആഗ്ര
CONTACT: 9544 28 50 18

## നേട്ടം



● കോഴിക്കോട് എൻ ഐ ടി യിൽ നിന്നും ഇലക്ട്രോണിക് സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ സോന അലക്സ്. നോർവീജിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നേടിയിട്ടുണ്ട്. പ്രൈവസി പ്രിസേർവിങ് ഹെൽത്ത് ഡാറ്റാ സർവീസസ് എന്ന വിഷയത്തിലാണ് ഫെലോഷിപ്പ്. വടകര ഇടവകാംഗമാണ്. പേരാമ്പ്ര ഇല്ലിമൂട്ടിൽ കെ. എം ചാണ്ടി - വി. ആലീസ് മാത്യു ദമ്പതികളുടെ മകളാണ്. ഊരാളുങ്കൽ സൊസൈറ്റി ഡെപ്യൂട്ടി മാനേജർ ഡോ. അരുൺ സി. ഇമ്മാനുവേലാണ് ഭർത്താവ്.



● ബംഗളൂരു സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ നിന്നും ഫാമിലി മെഡിസിനിൽ എംഡി നേടിയ സിസ്റ്റർ നവ്യാ സ്റ്റീഫൻ എസ്എച്ച്, തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സാന്തോം പ്രൊവിൻസ് അംഗമാണ്. ഉക്രൈനിലെ National Pirogou Memorial Medical College-ൽ നിന്നുമാണ് എംബിബിഎസ് പഠനം പൂർത്തിയാക്കിയത്. കുളത്തുവയൽ ഇടവകതോട്ടുങ്കൽ എസ്തപ്പാൻ - മേരിക്കുട്ടി ദമ്പതികളുടെ മകളാണ്.



● കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ റീജാ കുര്യാക്കോസ്. കക്കയം ഇടവകാംഗമായ ഐക്കുളമ്പിൽ കുര്യാക്കോസിന്റെയും മോനിക്കയുടെയും മകളും പേരാമ്പ്ര C K G M ഗവൺമെന്റ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസറുമാണ്.



● അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ മികച്ച യുവവനിതാ താരത്തിനുള്ള പുരസ്കാരം നേടിയ ഷിൽജി ഷാജി. കക്കയം ഇടവകാംഗം നീർവിഴാകം ഷാജി - എൽസി ദമ്പതികളുടെ മകൾ.

# നാൽപതുമണി ആരാധനയ്ക്ക് ഭക്തിനിർഭരമായ തുടക്കം

**വിലങ്ങാട്:** താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് നടത്തുന്ന നാൽപതുമണി ആരാധനയ്ക്ക് ഭക്തിനിർഭരമായ തുടക്കം. വിലങ്ങാട് സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ആരംഭം കുറിച്ച നാൽപതു മണി ആരാധനയ്ക്ക് ഫൊറോന വികാരി ഫാ. ബെന്നി കാരക്കാട്ട്, പാലൂർ വികാരി ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, മഞ്ഞക്കുന്ന് വികാരി ഫാ. ടിൻസ് മറ്റപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി. വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ഇതോടനുബന്ധിച്ച് നടത്തി.


രൂപതയിലെ എല്ലാ ഇടവകകളിലും നാൽപതു മണിക്കൂർ ആരാധന സംഘടിപ്പിക്കുന്നുണ്ട്. ഓരോ പള്ളിയിലും നാലു ദിവസങ്ങളിലായാണ് ആരാധന നടക്കുക.

വിലങ്ങാട് ഫൊറോനയുടെ കീഴിലുള്ള വാളൂക്ക്, പാലൂർ, മഞ്ഞക്കുന്ന്, വടകര, വളയം എന്നീ ഇടവകകളിൽ നാൽപതു മണി ആരാധന നടന്നു. നവംബർ ഒന്നു മുതൽ ഡിസംബർ രണ്ടു വരെ മരുതോങ്കര ഫൊറോനയിലെ പള്ളികളിൽ നാൽപതുമണി ആരാധന നടക്കും.



വിലങ്ങാട് സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ആരംഭം കുറിച്ച നാൽപതു മണി ആരാധനയുടെ ഭാഗമായുള്ള ദിവ്യകാരുണ്യ പ്രദക്ഷിണം

## ലോഗോസ്: രൂപതാ വിജയികൾ



സഞ്ജീവ് ജോഷി



ലിയ ട്രീസ സുനിൽ



സിമി മരിയ കൊള്ളന്നൂർ



സിമി ജോസ് കറുകയിൽ



ഡോ. സെലീന പെരുംപള്ളി



മാത്യു തൈക്കുന്നുംപുറത്ത്

**കോഴിക്കോട്:** കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസിന്റെ ആദ്യഘട്ട മത്സരം പൂർത്തിയായി. രൂപതാതലത്തിൽ വിജയിച്ച് സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടിയ ഓരോ കാറ്റഗറിയിലേയും ആദ്യ മൂന്നു സ്ഥാനക്കാർ യഥാക്രമം:

● **എ കാറ്റഗറി:** സഞ്ജീവ് ജോഷി അറക്കപ്പറമ്പിൽ (പടത്തുകടവ്), ഡിയോൺ ഡി. മാത്യു കുന്നത്ത് (പടത്തുകടവ്), ലെവിൻ സുനിൽ കേഴപ്ലാക്കൽ (കൂരോട്ടുപാറ).

● **ബി കാറ്റഗറി:** ലിയ ട്രീസ സുനിൽ കേഴപ്ലാക്കൽ (കൂരോട്ടുപാറ) സാൽവിയ സനീഷ് തോണക്കര (കൂടരഞ്ഞി), ആൻ മരിയ നങ്ങാകുളത്ത് (പുല്ലൂരാംപാറ).

● **സി കാറ്റഗറി:** സിമി മരിയ കൊള്ളന്നൂർ (പാറോപ്പടി), അലീഷ തോമസ് പുളിക്കൽ (ചിപ്പിലിത്തോട്), സിസ്റ്റർ ജോസ്ന മരിയ എഫ്സിസി (പാറോപ്പടി).

● **ഡി കാറ്റഗറി:** സിമി ജോസ് കറുകയിൽ (അശോകപുരം), ഷിൻസ് സെബാസ്റ്റ്യൻ പൈനാടത്ത് (പടത്തുകടവ്), നിമ്മി ഷാജി വടക്കേപ്പറമ്പിൽ (കുന്നമംഗലം).

● **ഇ കാറ്റഗറി:** ഡോ. സെലീന പെരുംപള്ളി (ഈസ്റ്റ്ഹിൽ), ബീന ജോസഫ് വയലിൽ (മാങ്കാവ്), ഷൈല വർഗീസ് മാധവത്ത് (കൂടരഞ്ഞി).

● **എഫ് കാറ്റഗറി:** മാത്യു തൈക്കുന്നുംപുറത്ത് (കുരാച്ചുണ്ട്), റോസമ്മ ജോസ് മാടപ്പാട്ട് (പാറോപ്പടി), ലൂസി മഞ്ഞക്കുന്നേൽ (മുക്കം).

## മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

**താമരശ്ശേരി:** രൂപതയുടെ മുൻമെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ മൂന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് രൂപതാതല അനുസ്മരണ പ്രാർത്ഥനയും വിശുദ്ധ കുർബാനയും മേരി മാതാ കത്തീഡ്രലിൽ നടന്നു. അതിരൂപത ആർച്ച് ബിഷപ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം മുഖ്യ കാർമികത്വം വഹിച്ചു. സീറോ മലബാർ സഭ കൂരിയാ ചാൻസലർ ഫാ. അബ്രാഹം കാവിൽപുരയിടത്തിൽ, രൂപതാ വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ എന്നിവർ സഹകാർമ്മികരായി.

വിശുദ്ധനായ വൈദിക ശ്രേഷ്ഠനായിരുന്നു മാർ പോൾ ചിറ്റിലപ്പിള്ളിയെന്ന് മാർ ജോർജ് വലിയമറ്റം അനുസ്മരിച്ചു. "ചിറ്റിലപ്പിള്ളി പിതാവ് വിശുദ്ധനും പണ്ഡിതനുമായിരുന്നു. തന്റെ അജഗണത്തെ ശ്രദ്ധാപൂർവം വളർത്തിയെടുക്കുവാൻ കഴിഞ്ഞത് അതുകൊണ്ടാണ്," മാർ ജോർജ് വലിയമറ്റം പറഞ്ഞു. വിശുദ്ധ കുർബാനയിലും ശുശ്രൂഷയിലും വൈദികരും സന്യസ്തരും അൽമായരും പങ്കെടുത്തു.

ഓർമ്മയിൽ 12 വർഷം
(13-12-2023)



ചെറിയാൻ പാലക്കിയിൽ
അങ്ങാടിപ്പുറം, പെരിന്തൽമണ്ണ
ജനനം: 12-12-1952 മരണം: 13-12-2011
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

11-ാം ചരമ വാർഷികം
(16-12-2023)



റൂബി കച്ചിറമറ്റത്തിൽ
W/o ജോർജ് കുര്യൻ
കുന്നപ്പിള്ളി, പെരിന്തൽമണ്ണ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

സ്നേഹസ്മരണകളോടെ
44 - ാം ചരമവാർഷികം (21-10-2023)
19 - ാം ചരമവാർഷികം (24-12-2023)



ദേവസ്യ
മലേക്കുന്നേൽ
കണ്ണോത്ത്



അന്നമ്മ ദേവസ്യ
മലേക്കുന്നേൽ
കണ്ണോത്ത്
പ്രാർത്ഥനയോടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

# ജെറിയാട്രിക് കെയർ പദ്ധതി ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** താമരശ്ശേരി രൂപത റൂബി ജൂബിലിയുടെ ഭാഗമായി ജെറിയാട്രിക് കെയർ (മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണം) പദ്ധതി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

മുതിർന്നവർക്ക് സംരക്ഷണം നൽകുകയെന്നത് അവർക്ക് നമ്മൾ നൽകുന്ന ഔദാര്യമല്ലെന്നും അത് അവരുടെ അവകാശമാണെന്നും ബിഷപ് ഓർമിപ്പിച്ചു. "ദൈവത്തിന്റെ കരുണ നമ്മിലൂടെയാണ് പ്രവർത്തിക്കുന്നത്. മുതിർന്നവരെ അനുഭാവപൂർണമായി പരിഗണിക്കണം. അവർക്ക് സന്തോഷം ലഭിക്കുന്ന കാര്യങ്ങൾ ചെയ്യാൻ കഴിയണം. പരിശുദ്ധാത്മാവിനാൽ നിറയുമ്പോൾ അത് സാധ്യമാകും." ബിഷപ് പറഞ്ഞു.

മുതിർന്ന പൗരന്മാരുടെ മാനസികവും ശാരീരികവും ആത്മീയവും സാമൂഹികവുമായ കാര്യങ്ങളിൽ ഇടവകകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തുവാനും ഇടവകകളിൽ പകൽവീടുകൾ ആരംഭിക്കുവാനുമുള്ള പദ്ധതിക്ക് സമ്മേളനത്തിൽ തുടക്കമായി.

ലിവിങ് ലൈഫ് ട്രസ്റ്റ് ടീം ക്ലാസുകൾക്ക് നേതൃത്വം നൽകി. മുതിർന്ന പൗരന്മാർക്കായി പകൽവീട് അടക്കമുള്ള സേവനം ഒരുക്കുന്ന കല്ലാനോട് സെന്റ് മേരീസ് പള്ളിയിലെ പ്രതിനിധികളായ സിസ്റ്റർ ഷീല, നിമ്മി പൊതിട്ടേൽ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. റൂബി ജൂബിലി പ്രവർത്തനങ്ങളുടെ രൂപതാതല കൺവീനർ ഫാ. ജോൺ ഒറവുങ്കര, ജെറിയാട്രിക് കെയർ പ്രവർത്തനങ്ങളുടെ രൂപതാ ഡയറക്ടർ ഫാ. മാത്യു കുളത്തിങ്കൽ, വിൻസെന്റ് ഡീപോൾ രൂപതാ പ്രസിഡന്റ് തോമസ് പുലിക്കോട്ടിൽ, പെയിൻ ആന്റ് പാലിയേറ്റീവ് രൂപതാ സെക്രട്ടറി മാത്യു തേരകം, കുടുംബക്കൂട്ടായ്മ രൂപതാ പ്രസിഡന്റ് തോമസ് വലിയപറമ്പിൽ, ലിവിങ് ലൈഫ് ട്രസ്റ്റ് ചെയർപേഴ്സൺ ഡാർലിൻ ജോർജ് എന്നിവർ പ്രസംഗിച്ചു.



ജെറിയാട്രിക് കെയർ (മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണം) പദ്ധതി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

## കുടുംബക്കൂട്ടായ്മ: തീം സോങ്ങ് പുറത്തിറക്കി

കുടുംബക്കൂട്ടായ്മകളിൽ ആലപിക്കുന്നതിനായി താമരശ്ശേരി രൂപത കുടുംബക്കൂട്ടായ്മ തയ്യാറാക്കിയ തീം സോങ്ങ് പുറത്തിറക്കി. 'കുടുംബകൂട്ടായ്മ ഒരു സ്നേഹസഭ' എന്ന പേരിൽ Familia Ecclesia എന്ന യൂട്യൂബ് ചാനലിലൂടെയാണ് ഗാനം പുറത്തിറക്കിയത്.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ ആമുഖ സന്ദേശത്തോടെ ആരംഭിക്കുന്ന ഗാനം കുടുംബക്കൂട്ടായ്മകളിൽ പാടാനായി പ്രത്യേകം തയ്യാറാക്കിയതാണ്. ഗാനത്തിന്റെ രചനയും സംഗീതവും നിർവഹിച്ചത് ഫാ. ജയിംസ് വാളിമലയിൽ CST. ആലാപനം ഫാ. വിപിൻ കുരിശുതറ CMI, സിസ്റ്റർ അനുഷ തോമസ് SH (കോറസ്: സിസ്റ്റർ അമല ജയിംസ് SH, സിസ്റ്റർ മേഴ്സി അലക്സ് SH).

'കുടുംബക്കൂട്ടായ്മയുടെ ഇത്തരത്തിലൊരു ചുവടുവയ്പ്പ് ഇത് ആദ്യമാണ്. കുടുംബങ്ങൾ ഒന്ന് ചേരുന്ന എല്ലാ അവസരങ്ങളിലും, പ്രത്യേകിച്ച് കുടുംബക്കൂട്ടായ്മകളിലും ഈ ഗാനം ആലപിക്കാം. ഈ ഗാനം കുടുംബക്കൂട്ടായ്മകൾക്ക് കരുത്തേകുമെന്ന കാര്യത്തിൽ സംശയമില്ല.' കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. മാത്യു കുളത്തിങ്കൽ പറഞ്ഞു.

ഗാനം കേൾക്കാൻ QR കോഡ് സ്കാൻ ചെയ്യൂ ▸

## ജെപിഐയിൽ എം.എസ്.സി കൗൺസലിങ് കോഴ്സ്

**കോഴിക്കോട്:** മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിങ് ആന്റ് സൈക്കോതെറാപ്പിയിൽ മാസ്റ്റേഴ്സ് ഇൻ കൗൺസിലിങ് സൈക്കോളജിയുടെ അഞ്ചാമത് ബാച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

ജെപിഐ ഡയറക്ടർ ഫാ. കുര്യൻ പുരമഠം, ഫാ. ജോജി ജോസഫ്, ഫാ. സായി പാറൻകുളങ്ങര എന്നിവർ പ്രസംഗിച്ചു. കൗൺസലിങ് സൈക്കോളജിയിൽ വിവിധ കോഴ്സുകൾ ജെപിഐയിൽ ക്രമീകരിച്ചിട്ടുണ്ട്. വിവരങ്ങൾക്ക്: 94472 29495

## ബഥാനിയ ശുശ്രൂഷകൾ

**2023 നവംബർ**

- **03 ആദ്യവെള്ളി:** ഏകദിന കൺവെൻഷൻ
- **10 വെള്ളി:** ഏകദിന കൺവെൻഷൻ, ജീവിത വിശുദ്ധീകരണ ധ്യാനം (10–13)
- **17 വെള്ളി:** ഏകദിന കൺവെൻഷൻ
- **24 വെള്ളി:** ഏകദിന കൺവെൻഷൻ, ജീവിത വിശുദ്ധീകരണ ധ്യാനം (24–27)

**2023 ഡിസംബർ**

- **01 ആദ്യവെള്ളി:** ഏകദിന കൺവെൻഷൻ
- **08 വെള്ളി:** ഏകദിന കൺവെൻഷൻ
- **15 വെള്ളി:** ഏകദിന കൺവെൻഷൻ, ജീവിത വിശുദ്ധീകരണ ധ്യാനം (15–18)
- **22 വെള്ളി:** ഏകദിന കൺവെൻഷൻ
- **29 വെള്ളി:** ഏകദിന കൺവെൻഷൻ

കൂടുതൽ വിവരങ്ങൾക്ക്

ഫോൺ: 9539535364

## തിരുവമ്പാടി അൽഫോൻസാ കോളജിന് ഡിസ്ട്രിക്ട് ഇക്കോ എസ്ഡിജി ചാമ്പ്യൻ പദവി

**തിരുവമ്പാടി:** 2023-ലെ ഡിസ്ട്രിക്ട് ഇക്കോ എസ്ഡിജി ചാമ്പ്യൻ പദവിക്ക് ഔട്ട് സ്റ്റാൻഡിങ് പെർഫോമൻസ് എന്ന ഗ്രേഡോടു കൂടി തിരുവമ്പാടി അൽഫോൻസ കോളജ് അർഹത നേടി. കേന്ദ്രസർക്കാർ എംഎസ്എംഇ (മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് മന്ത്രാലയം) രജിസ്ട്രേഷനിൽ പ്രവർത്തിക്കുന്ന അപ്പക്സ് എസ്ഡിജിയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും കോർപ്പറേറ്റുകൾക്കും, ബിസിനസ് സംരംഭകർക്കുമുള്ളതാണ് ഡിസ്ട്രിക്ട് ഇക്കോ എസ്ഡിജി ചാമ്പ്യൻ പദവി.

ഇന്ത്യയിലെ 28 സംസ്ഥാനങ്ങൾ, എട്ട് കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്. എസ് ഗ്രേഡോടു കൂടി മലബാർ മേഖലയിൽ ഈ ചാമ്പ്യൻഷിപ്പിന് അർഹമായ ഏക കോളജാണ് അൽഫോൻസാ കോളജ്. സുസ്ഥിരവികസനവും സാമൂഹ്യ ഉത്തരവാദിത്വവും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ചാമ്പ്യൻ പദവി ലഭിച്ചത്. പ്ലാസ്റ്റിക് നിർമ്മാർജനത്തിന് മുൻഗണന നൽകിക്കൊണ്ടുള്ള ബീറ്റ് ദ പ്ലാസ്റ്റിക് പൊലൂഷൻ, 'ആഹാരമാണ് ഔഷധം' എന്ന മുദ്രാവാക്യവുമായി സംഘടിപ്പിച്ച മില്ലറ്റ് മേള ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി നടത്തിയ ചലഞ്ച് വാക്കിങ് ആന്റ് സ്ലോ സൈക്കിളിങ് കോമ്പറ്റീഷൻ, സേഫ്റ്റി - ഡിസാസ്റ്റർ - റിസ്ക് ആന്റ് ക്രൗഡ് മാനേജ്മെന്റ് പരിശീലനം, ഇ-വേസ്റ്റ് ശേഖരണം, 'ശാന്തിവനം' - തുറന്ന ക്ലാസ്സ് റൂം പരിശീലനം എന്നിവ തുടങ്ങി, കഴിഞ്ഞ മൂന്നു മാസത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ് നേട്ടത്തിന് പിന്നിൽ.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസറും കോ-ഓർഡിനേറ്ററുമായ ഷീബ മോൾ, ഇംഗ്ലീഷ് വിഭാഗം മേധാവി എം. സി സെബാസ്റ്റ്യൻ, അനീഷ്, വിദ്യാർത്ഥി പ്രതിനിധികളായ അലൻ ഇമ്മാനുവേൽ, അച്ചു നാഥ്, ലിവിന സിബി, കെ. എസ് ഷബീർ, അമല റോസ്, അലൻ മാത്യു, കെ. എ രാഹുൽ, ലിനെറ്റ് തങ്കച്ചൻ, എം. അരവിന്ദ്, ജെറാൾഡ് ടോം, ആൽബിൻ പോൾസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും ആത്മാർത്ഥമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് കോളജിന് ബഹുമതി ലഭിച്ചതെന്ന് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ, മാനേജർ ഫാ. സജി മങ്ങരയിൽ എന്നിവർ പറഞ്ഞു.

## ചലഞ്ച് വോക്കിങ്

**തിരുവമ്പാടി:** ആരോഗ്യമാണ് സമ്പത്ത് എന്ന അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിനായി തിരുവമ്പാടി അൽഫോൻസാ കോളജിൽ ജില്ലാ ഇക്കോ – എസ്ഡിജി 2023-ന്റെ ഭാഗമായി കോളജിൽ നിന്നാരംഭിച്ച 'ചലഞ്ച് വോക്കിങ്' വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ ഫ്ളാഗ് ഓഫ് ചെയ്തു.

വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. ആരോഗ്യമുള്ള ശരീരത്തിന് അനുദിനം ഉള്ള നടപ്പ് എന്ന സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കാൻ പരിപാടിയിലൂടെ കഴിഞ്ഞതായി സംഘാടകർ പങ്കുവച്ചു.

## ഗുരുവന്ദനം

**തിരുവമ്പാടി:** അൽഫോൻസാ കോളജിൽ അധ്യാപക ദിനത്തോടനുബന്ധിച്ച് കോളജ് യൂണിയന്റെ നേതൃത്വത്തിൽ ഗുരുവന്ദനം നടന്നു. വിദ്യാർത്ഥികൾ അധ്യാപകരെ ആദരിക്കുകയും സ്നേഹസമ്മാനങ്ങൾ നൽകുകയും ചെയ്തു.

## മദർ തെരേസ ട്രെയ്നിങ് സെന്റർ സ്ഥാപക ദിനം ആഘോഷിച്ചു

**താമരശ്ശേരി:** രൂപതയുടെ കീഴിൽ പുതുപ്പാടിയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലന കേന്ദ്രമായ മദർ തെരേസ ഒഇടി & ഐഇഎൽടിഎസ് ട്രെയ്നിങ് സെന്ററിന്റെ ഒമ്പതാം സ്ഥാപക ദിനാഘോഷം രൂപതാ ചാൻസലർ ഫാ. ചെറിയാൻ പൊങ്ങൻപാറ ഉദ്ഘാടനം ചെയ്തു.

ഇന്നിന്റെ പ്രലോഭനങ്ങളിൽപ്പെട്ട് ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ ഉഴലുന്നവർക്ക് മദർ തെരേസ ട്രെയ്നിങ് സെന്ററിലെ വിദ്യാർത്ഥികൾ മാതൃകയാണെന്ന് ഫാ. ചെറിയാൻ പൊങ്ങൻപാറ അഭിപ്രായപ്പെട്ടു.

സിഒഡി ഡയറക്ടർ ഫാ. ബിജോ ചെമ്പരത്തിക്കൽ അധ്യക്ഷത വഹിച്ചു. കേരള വിദ്യാഭ്യാസ ചരിത്രത്തിൽ കത്തോലിക്കാസഭ വഹിച്ച വിപ്ലവകരമായ പങ്ക് തമസ്ക്കരിച്ച് പുതിയ കഥകൾ രചിക്കുന്ന ഇന്നത്തെ സത്യാനന്തരകാലത്ത് മദർ തെരേസ ട്രെയ്നിങ് സെന്റർ ലാഭേച്ഛകൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഫാ. ബിജോ ചെമ്പരത്തിക്കൽ ഓർമ്മിപ്പിച്ചു.

സിഒഡി അസി. ഡയറക്ടർമാരായ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, ഫാ. ജിജോ കളപ്പുരയ്ക്കൽ, മാർ ബസേലിയോസ് സ്കൂൾ സിഇഒ ഫാ. തോമസ് മണ്ണിത്തോട്ടം, മദർ തെരേസ ട്രെയ്നിങ് സെന്റർ ഐഇഎൽടിഎസ് എച്ച്ഒഡി കെ. ജെ. തങ്കച്ചൻ, അലൈൻ ആൻ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ എം. എ. മത്തായി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

ട്രെയ്നിങ് സെന്ററിൽ ഐഇഎൽടിഎസ്, ഒഇടി കോഴ്സുകളിൽ പരിശീലനം നേടിയ 638 വിദ്യാർത്ഥികളിൽ 392 പേർ ഉന്നത വിജയം നേടി. CBT, UKVI കോഴ്സുകളിൽ 100 ശതമാനം വിജയം നേടി.

## കെസിവൈഎം, ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ കലാമത്സരങ്ങൾ

# തിരുവമ്പാടിക്ക് ഇരട്ടക്കിരീടം



കോടഞ്ചേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന കെസിവൈഎം രൂപതാതല കലോത്സവം സിനിമ – നാടക നടൻ ടി. സുരേഷ് ബാബു ഉദ്ഘാടനം ചെയ്യുന്നു



ചെറുപുഷ്പ മിഷൻ ലീഗ് രൂപത കലോത്സവം 'പ്രേഷിതം 2023' തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

**കോടഞ്ചേരി:** സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന കെസിവൈഎം രൂപതാതല കലാമത്സരത്തിൽ 295 പോയിന്റുകൾ നേടി തിരുവമ്പാടി മേഖല കലാകിരീടം ചൂടി. 181 പോയിന്റുകളോടെ മരുതോങ്കര മേഖല രണ്ടാം സ്ഥാനവും 180 പോയിന്റുകളോടെ കൂരാച്ചുണ്ട് മേഖല മൂന്നാം സ്ഥാനവും നേടി.

സിനിമ – നാടക നടൻ ടി. സുരേഷ് ബാബു കലോത്സവം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ.ജോർജ് വെള്ളയ്ക്കാക്കുടിയിൽ, കോടഞ്ചേരി ഫൊറോനാ വികാരി ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ, ജെസ്റ്റിൻ സൈമൺ, ഫാ. ജോസുകുട്ടി അന്തീനാട്ട്, ഫാ. ആൽബിൻ ജോസഫ്, സിസ്റ്റർ റോസീൻ എസ്എബിഎസ്, ജിതിൻ രാജൻ, ജോർജ്കുട്ടി അമ്പാട്ട്, അലീന മാത്യു, അലക്സ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. വിവേചനത്തിന്റെ രാഷ്ട്രീയത്തിനോടുള്ള പ്രതിഷേധത്തിന്റെ പ്രതീകമായി വർണ്ണം, വംശം, ദേശം, ഭാഷ, കുലം എന്നീ 5 വേദികളിലായി 26 ഇനങ്ങളിലായിരുന്നു മത്സരം. 700 ഓളം യുവതീ – യുവാക്കൾ മത്സരിച്ചു. സമാപന സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് ചെമ്പകശ്ശേരി സമ്മാനദാനം നിർവഹിച്ചു.

**തിരുവമ്പാടി:** താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ കലോത്സവത്തിൽ (പ്രേഷിതം 2023) തിരുവമ്പാടി മേഖല ചാമ്പ്യൻമാരായി. കൂരാച്ചുണ്ട് മേഖല രണ്ടാം സ്ഥാനവും, കോടഞ്ചേരി മേഖല മൂന്നാം സ്ഥാനവും നേടി. കലോത്സവം തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു.

രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ, മേഖലാ ഡയറക്ടർ ഫാ. ജോർജ് കരിന്തോളിൽ, രൂപതാ പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ജിന്റോ തകിടിയിൽ, രൂപത സെക്രട്ടറി അനൂപ് ചീരമറ്റത്തിൽ, ഇവാ മെറിൻ ജോൺ എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം ഫാ. സ്കറിയ മങ്ങരയിൽ ഉദ്ഘാടനം ചെയ്തു.

"വ്യക്തിത്വ വികസനത്തിന് സഹായിക്കുന്ന ഘടകമാണ് കലാ, സാഹിത്യ മത്സരങ്ങൾ. മിഷൻ ലീഗ് അംഗങ്ങളുടെ കഴിവുകളെ കണ്ടെത്താനും വളർത്താനും ഇതിലൂടെ സാധിക്കും. ദൈവിക വിചാരങ്ങളും ധാർമിക ചിന്തകളും സന്നിവേശിപ്പിച്ച് നല്ല വ്യക്തികളായി സഭയ്ക്കും സമൂഹത്തിനും നേതൃത്വം കൊടുക്കാൻ പ്രാപ്തിയുള്ളവരെ വാർത്തെടുക്കുകയാണ് 'പ്രേഷിതം' എന്ന് പേരിട്ടിരിക്കുന്ന കലാമത്സരത്തിലൂടെ," മിഷൻ ലീഗ് രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ പറഞ്ഞു.

## ഇടവക വാർത്തകൾ

### സുവർണ്ണ ജൂബിലി വർഷത്തിലേക്ക് വെറ്റിലപ്പാറ ഇടവക



സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരി തെളിയിച്ച് ജൂബിലി പരിപാടികൾ ഉദ്ഘാടനം ചെയ്യുന്നു

**വെറ്റിലപ്പാറ:** സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ ഇടവക മധ്യസ്ഥനായ വിശുദ്ധ അഗസ്റ്റിന്റെ തിരുനാളിനോട് അനുബന്ധിച്ച് ഇടവക രൂപീകരണത്തിന്റെ അൻപതാം വാർഷിക ആഘോഷങ്ങൾക്ക് തുടക്കമായി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരി തെളിയിച്ച് ജൂബിലി പരിപാടികൾ ഉദ്ഘാടനം ചെയ്തു. 2024 ആഗസ്റ്റ് 28 വരെ ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

ഇടവകാംഗം കൂടിയായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ച വിശുദ്ധ കുർബാനയിൽ മുൻ വികാരി ഫാ. മാത്യു കണ്ടശാംകുന്നേൽ, വികാരി ഫാ. ജോസഫ് വടക്കേൽ എന്നിവർ സഹകാർമ്മികരായിരുന്നു. പരിപാടികൾക്ക് കൈക്കാരന്മാരായ സെനിത്ത് മറ്റപ്പള്ളിത്തടത്തിൽ, മാത്യു കുരിശിങ്കൽ, നോബിൾ കണിയാംകുഴിയിൽ, ഷിനോയി കടപ്പൂരാൻ എന്നിവരും ജൂബിലി കമ്മിറ്റി കൺവീനർ ജോസ് നിലയ്ക്കപ്പള്ളിലും നേതൃത്വം നൽകി.

### കാക്കവയൽ ഇടവക രജതജൂബിലി സമാപനാഘോഷം നവംബർ 24 മുതൽ

**കാക്കവയൽ:** ഇടവകയുടെ ഒരു വർഷം നീണ്ട രജതജൂബിലി ആഘോഷങ്ങളുടെ സമാപനം നവംബർ 24 മുതൽ 26 വരെ നടക്കും. 26-ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കൃതജ്ഞതാ ബലി അർപ്പിക്കും. തുടർന്ന് പൊതുസമ്മേളനം. 2022 നവംബർ ഒന്നിന്, അന്ന് രൂപതാ വികാരി ജനറലായിരുന്ന മോൺ. ജോൺ ഒറവുങ്കരയാണ് ജൂബിലി വർഷം ഉദ്ഘാടനം ചെയ്തത്. ജൂബിലി സ്മാരകമായി നിർധന കുടുംബത്തിന് പണിതു നൽകിയ ഭവനത്തിന്റെ ആശീർവാദവും താക്കോൽ ദാനവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ 2022 ഡിസംബർ 22-ന് നിർവഹിച്ചു. ജൂബിലിയോടനുബന്ധിച്ച് ഇടവക ഗായക സംഘം പുറത്തിറക്കുന്ന ജൂബിലി ഗാനം ജൂബിലി ആഘോഷ ദിനത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്യും. 70 കുടുംബങ്ങളുമായി 1998 നവംബർ ഒന്നിന് സ്ഥാപിതമായ ഇടവകയിൽ ഇന്ന് 226 കുടുംബങ്ങളുണ്ട്.

### മൂന്ന് കുടുംബങ്ങൾക്ക് വിലങ്ങാട് ഫൊറോന പള്ളിയുടെ കൈത്താങ്ങ്

**വിലങ്ങാട്:** ജീവിത പ്രാരാബ്ദങ്ങൾക്കിടയിൽ സ്വന്തം ഭവനമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിയാത്ത ഭവനരഹിതരായ മൂന്നു കുടുംബങ്ങൾക്ക് വീടു പണിതു നൽകി വിലങ്ങാട് ഫൊറോന പള്ളി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വീടുകളുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. മൂന്നു ഭവനങ്ങളുടെയും താക്കോൽ കൈമാറി.

വികാരി ഫാ. ബെന്നി കാരക്കാട്ട്, പാരിഷ് സെക്രട്ടറി ജോൺ പുതിയാമറ്റം, കൈക്കാരന്മാരായ ജോയി വെട്ടുകല്ലേൽ, പാപ്പച്ചൻ കണ്ണമുണ്ടയിൽ, ടോസ് പാംപ്ലാനിയിൽ, സിജോ കരുമത്തിയിൽ, ഭവന നിർമ്മാണ കമ്മിറ്റി അംഗങ്ങളായ രാജു ചൂരപ്പൊയ്കയിൽ, ആന്റണി ഒറ്റപ്ലാക്കൽ, ജോൺസൺ എടാട്ട്, രാജു തറപ്പേൽ, ഇടവകയിലെ വിൻസെന്റ് ഡി പോൾ യൂണിറ്റ് അംഗങ്ങൾ തുടങ്ങിയവർ ഭവനനിർമ്മാണത്തിന് നേതൃത്വം നൽകി. 20 ലക്ഷത്തോളം രൂപ ചിലവഴിച്ചാണ് ആറു മാസംകൊണ്ട് വീട് നിർമാണം പൂർത്തിയാക്കിയത്.



### വട്ടച്ചിറ സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളി നവീകരിച്ചു

**കൂരാച്ചുണ്ട്:** സെന്റ് തോമസ് ഫൊറോന പള്ളിയുടെ കീഴിലുള്ള വട്ടച്ചിറയിലെ നവീകരിച്ച സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളി വെഞ്ചരിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

നൊവേന, ലദീഞ്ഞ്, സന്ദേശം, സമാപന ആശീർവാദം, സ്നേഹവിരുന്ന്, ആകാശ വിസ്മയം എന്നിവ നടന്നു. രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ, അസി. വികാരി ഫാ. ആൽബിൻ കോയിപ്പുറത്ത്, ഫാ. സായി പാറൻകുളങ്ങര, ഫാ. മാത്യു മ്ലാക്കുഴി, ഫാ. സന്തോഷ് മണിക്കൊമ്പേൽ എന്നിവർ സഹകാർമ്മികർ ആയിരുന്നു.



# വൈവിധ്യങ്ങളിൽ ഐക്യം കണ്ടെത്തുക: മാർപാപ്പ

**“ഇന്ത്യ, പാക്കിസ്ഥാൻ, നേപ്പാൾ എന്നിവിടങ്ങളിലെ രക്തസാക്ഷികളുടെ സ്മരണകൾ എപ്പോഴും ഹൃദയത്തിൽ ഉണ്ട്” – ഫ്രാൻസിസ് പാപ്പ**

ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളുമായി ഈയിടെ നടത്തിയ ഓൺലൈൻ സംവാദത്തിൽ വൈവിധ്യങ്ങളിൽ ഐക്യം കണ്ടെത്തണമെന്ന് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചു. രാജ്യങ്ങൾക്കിടയിൽ വ്യത്യസ്തതകൾ ഉണ്ടാകാം. ഇതിനിടയിലും സാഹോദര്യം കണ്ടെത്താൻ സാധിക്കുന്നതാണ് ഏറ്റവും വലിയ മനോഹാരിതയെന്ന് ഫ്രാൻസിസ് പാപ്പ ഓർമിപ്പിച്ചു.

പ്രതിസന്ധികളെ കരുത്തോടെ നേരിടാനും ശക്തിയോടെ എഴുന്നേറ്റുനിൽക്കുവാനുമുള്ള കരുത്ത് ദൈവം നമുക്ക് നൽകിയിട്ടുണ്ട്. നർമ്മബോധം നാം ഒരിക്കലും നഷ്ടപ്പെടുത്താൻ പാടില്ല. നർമ്മബോധമെന്നാൽ മാനസികാരോഗ്യമാണ്. വിദ്യാർത്ഥികളോടായി മാർപാപ്പ പറഞ്ഞു.

ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജ്, ജീസസ് ആന്റ് മേരി കോളജ്, ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ലാഹോറിലെ യൂണിവേഴ്സിറ്റി ഓഫ് പഞ്ചാബ്, കാഠ്മണ്ഡുവിലെ സെന്റ് സേവ്യേഴ്സ് കോളജ് എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരുമാണ് സംവാദത്തിൽ പങ്കെടുത്തത്.


ഇന്ത്യ, പാക്കിസ്ഥാൻ, നേപ്പാൾ എന്നിവിടങ്ങളിലെ രക്തസാക്ഷികളുടെ സ്മരണകൾ തന്റെ ഹൃദയത്തിൽ എപ്പോഴും ഉണ്ടെന്ന് പാപ്പ പറഞ്ഞു. ശാരീരിക കുറവുകളെക്കുറിച്ചും സൗന്ദര്യ കുറവുകളെക്കുറിച്ചും പറഞ്ഞ് കൂട്ടുകാരെ ഇടിച്ചു താഴ്ത്താൻ ശ്രമിക്കരുത്. ഓരോരുത്തരിലും അന്തർലീനമായിരിക്കുന്ന കഴിവുകളെയും സൗന്ദര്യത്തെയും കണ്ടെത്താനും തിരിച്ചറിയാനും അഭിനന്ദിക്കാനും കഴിയണമെന്ന് ഫ്രാൻസിസ് പാപ്പ യുവതലമുറയെ ഓർമിപ്പിച്ചു. താരതമ്യപ്പെടുത്തലുകളുടെ വിപരീത ഫലങ്ങളെ അതിജീവിക്കാൻ നമുക്ക് കഴിയണം.

## ജീവനെ തൊട്ടുകളിക്കരുതെന്ന മുന്നറിയിപ്പുമായി ഫ്രാൻസിസ് പാപ്പ

ഏതവസ്ഥയാണെങ്കിലും ജീവനെ തൊട്ടുകളിക്കരുതെന്ന മുന്നറിയിപ്പ് നൽകി ഫ്രാൻസിസ് മാർപാപ്പ. മെഡിറ്ററേനിയൻ സമ്മേളനത്തിന് ശേഷം മാർസെയിൽ നിന്ന് റോമിലേക്കുള്ള യാത്രാമധ്യേ വിമാനത്തിൽ നടത്തിയ വാർത്താസമ്മേളനത്തിലാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്. മാർസെയിൽ വിശുദ്ധബലിമധ്യേ ഗർഭഛിദ്രത്തെയും ദയാവധത്തെയും മാർപാപ്പ ശക്തമായി അപലപിച്ചു. ജീവന്റെ ആരംഭത്തിലോ അവസാനത്തിലോ അതുമായി കളിക്കാൻ നമുക്ക് അവകാശമില്ലെന്ന് പാപ്പ ഓർമിപ്പിച്ചു. ഇത് തന്റെ വെറുമൊരു അഭിപ്രായ പ്രകടനം മാത്രമല്ലെന്നും മറിച്ച് ജീവന്റെ സംരക്ഷണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വേദനയില്ലാത്തതും മനുഷ്യത്വപരമെന്ന് ചിലർ പ്രചരിപ്പിക്കുന്നതുമായ ദയാവധത്തിന്റെ രാഷ്ട്രീയം അവസാനിപ്പിക്കണമെന്ന് പാപ്പ ആവശ്യപ്പെട്ടു.

ഫ്രാൻസിലെ മക്രോൺ ഭരണകൂടം ഉടൻ അവതരിപ്പിക്കാനിരിക്കുന്ന ‘End of Life’ എന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് മാധ്യമ പ്രവർത്തകർ മാർപാപ്പയോട് ചോദ്യങ്ങൾ ചോദിച്ചത്.

## മൂലകോശ ഗവേഷണം: ആശങ്ക പ്രകടിപ്പിച്ച് യൂറോപ്യൻ സഭ




മനുഷ്യോത്ഭവത്തിന്റെ നിർവചനത്തെ മാറ്റിമറിക്കാൻ സാധ്യതയുള്ളതായി കരുതപ്പെടുന്ന മൂലകോശങ്ങളുമായി ബന്ധപ്പെട്ടുള്ള ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്ന പുതിയ ബില്ലിൽ യൂറോപ്യൻ യൂണിയൻ മെത്രാൻ സമിതി ആശങ്ക പ്രകടിപ്പിച്ചു.

മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ പൂർണ്ണാവകാശങ്ങളും മഹത്വവുമുള്ള ഒന്നാണ് മനുഷ്യജീവനെന്നാണ് കത്തോലിക്കാസഭയുടെ പഠനമെന്ന് മെത്രാൻ സമിതി വ്യക്തമാക്കി. മനുഷ്യരിൽ ജന്മനാ ഉള്ള മഹത്വം ഗൗനിക്കാതെ ഒരു വസ്തുവായി മാത്രം കണക്കാക്കുന്ന സാഹചര്യത്തിലേക്ക് ഈ നിയമ നിർമ്മാണം എത്തിച്ചേക്കാമെന്ന് മെത്രാൻ സമിതി ആശങ്ക പ്രകടിപ്പിച്ചു. മനുഷ്യഭ്രൂണത്തെ ശരീരകോശങ്ങൾക്കും രക്തത്തിനും സമാനമാക്കുന്ന തലത്തിലേക്ക് എത്തിക്കാൻ ഈ ബിൽ കാരണമാകുന്നുമെന്ന് അവർ ചൂണ്ടിക്കാട്ടി. ഇത് തീർച്ചയായും മനുഷ്യജീവന്റെ മഹത്വത്തെയും മൂല്യത്തെയും ഇല്ലാതാക്കും.

2019–ൽ ‘Dignitas Personae’ എന്ന പേരിൽ വിശ്വാസതിരുസംഘം പുറത്തുവിട്ട നിർദേശത്തിൽ ഈ വിഷയത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ സാധാരണ മരണംവരെ ഓരോ വ്യക്തിയുടെയും ജീവന്റെ മഹത്വം അംഗീകരിക്കപ്പെടണമെന്ന് ഈ നിർദേശത്തിൽ പറയുന്നു. ഈ അടിസ്ഥാന തത്വം മനുഷ്യ ജീവനോട് വലിയൊരു തുറവി പ്രകടിപ്പിക്കുന്നുവെന്നും അത് ഇക്കാലഘട്ടത്തിലെ ബയോ മെഡിക്കൽ ഗവേഷണത്തെ ധാർമ്മിക ചിന്തയുടെ പ്രധാന ഭാഗമായി മാറണമെന്നും ‘Dignitas Personae’ സൂചിപ്പിക്കുന്നു.

## കേരളത്തിലെ ഓർത്തഡോക്സ് സഭാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ചു

കേരളത്തിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ റോമിലെത്തി മാർപാപ്പയെ സന്ദർശിച്ചു. കൂടിക്കാഴ്ച്ചയിൽ സഭൈക്യത്തെക്കുറിച്ചും പരസ്പരം യോജിച്ച് ക്രിസ്തീയ സാക്ഷ്യം നൽകേണ്ടതിനെക്കുറിച്ചും ഇരുവരും ചർച്ച നടത്തി.

കാതോലിക്കാബാവയെ സ്വാഗതം ചെയ്ത ഫ്രാൻസിസ് മാർപാപ്പ തോമാശ്ലീഹായാൽ അടിസ്ഥാനമിട്ട മലങ്കര ഓർത്തഡോക്സ് സഭയുടെ പരമ്പരാഗത വിശ്വാസത്തെ എടുത്തു പറഞ്ഞു. കർത്താവും ദൈവവുമായി ഈശോയെ അംഗീകരിക്കുന്ന വിശ്വാസത്തിൽ പങ്കാളികളാണ് രണ്ടു സഭകളുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസം മിശിഹായുടെ ശരീരത്തിലെ മുറിവുകളുടെ അനുഭവത്തിൽ നിന്ന് വേർത്തിരിക്കാനാവത്തതാണെന്ന് ഓർമിപ്പിച്ച മാർപാപ്പ മിശിഹായുടെ അനുയായികളായ നമുക്കിടയിൽ ചരിത്രത്തിലുടനീളം സംഭവിച്ച ഭിന്നതകൾ മിശിഹായുടെ മൗതികശരീരമായ സഭയിൽ ഏൽപിച്ച വേദനാജനകമായ മുറിവുകളാണെന്ന് എടുത്തുപറഞ്ഞു. ചരിത്രപരമായ ഭിന്നതകൾ ഉണ്ടാക്കിയ ഈ മുറിവുകൾ ഒന്നിച്ച് സുഖപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് മാർപാപ്പ പറഞ്ഞു.

തന്റെ മറുപടി പ്രസംഗത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ ‘എല്ലാവരും സഹോദരർ’ എന്ന ചാക്രിക ലേഖനത്തെ പരാമർശിച്ച കാതോലിക്കാബാവ കത്തോലിക്ക സഭയും ഓർത്തഡോക്സ് സഭയും തമ്മിൽ കൂടുതൽ സഹകരണത്തിനും ധാരണയ്ക്കും ആഹ്വാനം നൽകി. നല്ല സമരിയാക്കാരെന്ന നിലയിൽ സമീപത്തുള്ളവരുടെ മാത്രമല്ല, ലോകത്തെമ്പാടും ഉള്ളവരുടെ മുറിവുകൾ വച്ചുകെട്ടാൻ ഈ രണ്ടു സഭയ്ക്കും കൂടുതൽ ഉത്തരവാദിത്വമുണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

**തയ്യാറാക്കിയത്: ഫാ. ജോസഫ് കളത്തിൽ**

## ഉപകാരസ്മരണ



ഒരു വിശ്വാസി – കൂടരഞ്ഞി

## ഉപകാരസ്മരണ



അന്നമ്മ – കുപ്പായക്കോട്

## പ്രീ–കാനാ കോഴ്സ്

● താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന പ്രീ–കാനാ കോഴ്സ് നവംബർ 9 മുതൽ 11 വരെയും ഡിസംബർ 7 മുതൽ 9 വരെയും നടക്കും.

2024 ജനുവരി 11 മുതൽ 13 വരെയും ഫെബ്രുവരി എട്ടു മുതൽ 10 വരെയും പ്രീ–കാനാ കോഴ്സുകൾ ഉണ്ടായിരിക്കുമെന്ന് ഫാമിലി അപ്പോസ്തലേറ്റ് രൂപതാ ഡയറക്ടർ ഫാ. മാറ്റസ് കോരംകോട്ട് അറിയിച്ചു.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യുക. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്കും,
ഫോൺ: **8075935240**

# വിവാഹം ദേവാലയത്തിൽ വച്ച് നടത്തുന്നതിന് മുമ്പ് രജിസ്റ്റർ ചെയ്യാമോ?



## ചോദ്യം ഉത്തരം

**റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ**

**?** വിവാഹമെന്ന കൂദാശ ദേവാലയത്തിൽ പരികർമം ചെയ്യുന്നതിനുമുമ്പ് സിവിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്ന ഒരു നിയമം സീറോ മലബാർസഭയിൽ നടപ്പിലാക്കി എന്ന് അറിയാൻ ഇടയായി. അതിനെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

**● എഡ്വിൻ, പേരാമ്പ്ര**

കത്തോലിക്കാസഭയിൽ വിവാഹം ഒരു കൂദാശയാണ് എന്നത് വ്യക്തമാണ്. വിവാഹമെന്ന കൂദാശ പരികർമം ചെയ്യേണ്ടവിധത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചും എല്ലാവർക്കും വ്യക്തമായ ധാരണയുമുണ്ട്. സഭ നിശ്ചയിച്ചിരിക്കുന്ന ക്രമത്തിൽ ദേവാലയത്തിൽവച്ചു നടത്തുന്ന വിവാഹമാണ് സാധുവായ വിവാഹം എന്നു നമുക്കറിയാം. പള്ളിയിൽ വൈദികൻ ആശീർവദിക്കുന്ന വിവാഹം സഭാനിയമപ്രകാരവും സിവിൽ നിയമപ്രകാരവും സാധുവായ വിവാഹമാണെന്നും പള്ളിയിൽ നടത്തുന്ന വിവാഹത്തിന്റെ വിശദാംശങ്ങൾ സിവിൽനിയമം നിഷ്കർഷിക്കുന്ന രീതിയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സർക്കാർ ഓഫീസിൽചെന്ന് എഴുതിപ്പിക്കണമെന്നും എല്ലാവർക്കും അറിവുള്ള കാര്യമാണ്.

ദേവാലയത്തിൽവച്ച് വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നതിനു മുമ്പായി വിവാഹം രജിസ്റ്റർ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങൾ നമുക്ക് പരിചിതമാണ്. ചില പ്രത്യേകസാഹചര്യങ്ങളുടെ സമ്മർദ്ദത്തിലാണ് ഇത്തരം രജിസ്റ്റർ വിവാഹങ്ങൾ നടക്കുന്നത്. രജിസ്റ്റർ വിവാഹം നടത്തി ഒരുമിച്ചു താമസിക്കുന്ന യുവാവും യുവതിയും സഭാനിയമം അനുസരിച്ചുള്ള ഭാര്യാഭർത്താക്കന്മാർ അല്ലാത്തതിനാൽ അവർക്കു കൂദാശകൾ സ്വീകരിക്കാൻ അനുവാദം അവർ സ്വയം നിഷേധിക്കുന്നു. സഭയുടെ അനുവാദമില്ലാതെ നടക്കുന്ന ഇത്തരം വിവാഹങ്ങൾ പിന്നീടു ബന്ധപ്പെട്ടവരുടെ അപേക്ഷ പ്രകാരം പള്ളിയിൽവച്ചു ക്രമപ്പെടുത്തിക്കൊടുക്കാറുണ്ട്. അതിനു രൂപതാധ്യക്ഷന്റെ അനുവാദവും ആവശ്യമാണ്. ദേവാലയത്തിൽവച്ച് ക്രമപ്പെടുത്തുന്നതോടെ രജിസ്റ്റർ വിവാഹം നടത്തിയവർ കൂദാശാസ്വീകരണത്തിന് യോഗ്യരായിത്തീരുകയും അവരുടെ വിവാഹബന്ധത്തെ സഭ അംഗീകരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ദേവാലയത്തിൽ വച്ചു വിവാഹം നടത്തുന്നതിനു മുമ്പു സിവിൽനിയമം അനുസരിച്ചു വിവാഹം രജിസ്റ്റർ ചെയ്തു ഒരുമിച്ചു താമസിക്കുന്നത് സഭാ നിയമമനുസരിച്ച് അനുവദനീയമല്ല എന്നർത്ഥം.

അപ്പോൾ ഉടനെ ചോദ്യമുയർന്നേക്കാം, പുതിയ നിയമം അനുസരിച്ചു സിവിൽ രജിസ്ട്രേഷൻ മതിയോ? നിലവിലുള്ള നിയമം മാറ്റിയോ? ചോദ്യത്തിനുള്ള നേരിട്ടുള്ള ഉത്തരത്തിലേക്കുവരാം. സീറോമലബാർസഭയുടെ മെത്രാൻ സിനഡ് ഈ കാര്യത്തിൽ പുതിയ നിയമം നൽകിയതിനുപിന്നിലുള്ള പശ്ചാത്തലം മനസ്സിലാക്കേണ്ടതുണ്ട്. വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. വിസ ആവശ്യങ്ങൾക്കുവേണ്ടി വിവാഹം രജിസ്റ്റർ ചെയ്തതിന്റെ രേഖ ആവശ്യമായിവരുന്ന സാഹചര്യത്തിൽ, വിവാഹം രജിസ്റ്റർ ചെയ്യാനുള്ള അനുവാദത്തിനായുള്ള അപേക്ഷകൾ എല്ലാ രൂപതാകേന്ദ്രങ്ങളിലും എത്താറുണ്ടായിരുന്നു. നിലവിൽ അതിനുള്ള അനുവാദം നല്കാത്തതിനാൽ അനേകർക്ക് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന വിലയിരുത്തലാണ് പുതിയ നിയമനിർമ്മാണത്തിന്റെ പശ്ചാത്തലം. അതിനാൽ വർദ്ധിച്ചുവരുന്ന വിസ ആവശ്യങ്ങൾ പരിഗണിച്ച്, പ്രധാനമായും വിസ ലഭിക്കുന്നതിനുവേണ്ടി മാത്രം, പള്ളിയിൽവച്ചു വിവാഹം നടത്തുന്നതിനു മുൻപു സിവിൽനിയമപ്രകാരം വിവാഹം രജിസ്റ്റർചെയ്യാൻ അനുവദിച്ചുകൊണ്ട് 2023 ആഗസ്റ്റിൽ കൂടിയ മെത്രാൻ സിനഡു തീരുമാനമെടുക്കുകയും സഭയുടെ മേജർ ആർച്ച് ബിഷപ് നിയമാനുസൃതമായി 2023 സെപ്റ്റംബർ 21 ന് നിയമം നടപ്പിൽ വരുത്തുകയും ചെയ്തു. ഈ നിയമത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

● വിദേശരാജ്യങ്ങളിലേക്ക് പോകുന്നതിനുവേണ്ടി ഫാമിലിവിസ കിട്ടുക എന്നതുപോലെയുള്ള ഗൗരവകരമായ കാരണങ്ങളുള്ള സീറോമലബാർ വിശ്വാസികൾക്കു ദേവാലയത്തിൽവച്ചു വിവാഹമെന്ന കൂദാശ പരികർമം ചെയ്യുന്നതിനുമുൻപു സിവിൽ നിയമപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യാൻ അനുവാദം ലഭിക്കുന്നതിനു വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം അപേക്ഷയുമായി രൂപതാധ്യക്ഷനെ സമീപിക്കാവുന്നതാണ്.

● ഇത്തരത്തിലുള്ള അനുവാദത്തിനുവേണ്ടി രൂപതാധ്യക്ഷനെ സമീപിക്കുന്ന വ്യക്തി കൂദാശപരമായ വിവാഹത്തിനുമുൻപു തങ്ങൾ ഒരുമിച്ചുതാമസിക്കുകയില്ലെന്നും അപ്രകാരം ഒരുമിച്ചുതാമസിക്കുന്നത് പാപമാണെന്ന് അറിയാമെന്നും തങ്ങളുടെ വിവാഹം എത്രയും വേഗം കൗദാശികമായി നടത്തിക്കൊള്ളാമെന്നും വാഗ്ദാനം ചെയ്യുന്ന എഴുതി തയ്യാറാക്കിയ ഒരു അപേക്ഷ നൽകേണ്ടതാണ്. ഈ അപേക്ഷയിൽ വിവാഹിതരാകുന്ന രണ്ടുപേരും ഒപ്പു വച്ചിരിക്കണം.

● വികാരിയുടെ സാക്ഷ്യപത്രത്തിൽ അപേക്ഷകൻ(ർ) അംഗമായിരിക്കുന്ന ഇടവകയെക്കുറിച്ചും അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ സത്യാവസ്ഥയെക്കുറിച്ചും പരാമർശിക്കേണ്ടതാണ്.

● സാധാരണഗതിയിൽ അപേക്ഷ നൽകേണ്ടത് യുവാവിന്റെ രൂപതാധ്യക്ഷനാണ്. എന്നാൽ യുവാവിന്റെ രൂപതാധ്യക്ഷനെ ബന്ധപ്പെടാൻ സാധിക്കാത്ത സാഹചര്യത്തിൽ യുവതിയുടെ രൂപതാധ്യക്ഷനെ സമീപിക്കാവുന്നതാണ്.

● കൂദാശാപരമായ വിവാഹത്തിനു മുൻപ് ഒരുമിച്ചുതാമസിക്കുകയില്ലെന്നും എത്രയും വേഗം വിവാഹം കൗദാശികമായി നടത്താമെന്നുമുള്ള അപേക്ഷകരുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിലാണ് അനുവാദം നൽകിയിരിക്കുന്നത് എന്ന് അനുവാദപത്രത്തിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

● വിവാഹത്തിന്റെ സിവിൽ രജിസ്ട്രേഷനുശേഷം അതിന്റെ സർട്ടിഫിക്കറ്റിന്റെ കോപ്പി രണ്ടു ഇടവകകളിലെയും വികാരിമാർക്ക് കൊടുക്കുകയും അവരത് ഇടവകയുടെ വിവാഹരജിസ്റ്ററിന്റെ ഒരു പ്രത്യേകഭാഗത്തു രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

● കൂദാശപരമായി വിവാഹംനടത്തുന്ന അവസരത്തിൽ ഏതെങ്കിലും ഒരു കക്ഷി ആവശ്യപ്പെടുകയാണെങ്കിൽ മനസ്സമ്മതവും വിളിച്ചുചൊല്ലലും നടത്താൻ വികാരി അനുവാദം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ രൂപതാധ്യക്ഷന്റെ അനുവാദം ആവശ്യമില്ല.

● കൂദാശാപരമായ വിവാഹത്തിനുശേഷം രജിസ്റ്ററിൽ ചേർക്കേണ്ട വിവാഹത്തിന്റെ തീയതി പള്ളിയിൽ നടന്ന വിവാഹത്തിന്റെതാണ്. എന്നാൽ റിമാർക്ക് കോളത്തിൽ സിവിൽ വിവാഹത്തിന്റെ തീയതി രേഖപ്പെടുത്തേണ്ടതാണ്.

● ഇടവക വികാരിമാർ വിവാഹസർട്ടിഫിക്കറ്റ് നൽകുമ്പോൾ അതിൽ രേഖപ്പെടുത്തേണ്ട തീയതി പള്ളിയിൽ നടന്ന വിവാഹത്തിന്റെതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽനിന്നു ചോദ്യകർത്താവിന്റെ സംശയത്തിന് ഉത്തരമായി എന്ന് കരുതണം. വിവാഹത്തിന്റെ കൗദാശിക സ്വഭാവത്തെ സംരക്ഷിച്ചുകൊണ്ട് വിസ ലഭിക്കുന്നതിനുള്ള ആവശ്യത്തിലേക്ക് വിവാഹം മുൻകൂട്ടി രജിസ്റ്റർ ചെയ്യാനുള്ള അനുവാദമാണ് നല്കിയിരിക്കുന്നത്.

എന്നാൽ കൂദാശാപരമായ വിവാഹത്തിനുമുൻപു ഭാര്യാഭർത്താക്കന്മാരെപ്പോലെ ഒരുമിച്ചുതാമസിക്കുന്നത് പാപകരമായ സാഹചര്യം ആയതിനാൽ അതിൽ ഏർപ്പെടില്ല എന്ന ഉറപ്പിലാണ് അനുവാദംനല്കുന്നത്. ഈ ഉറപ്പു പാലിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. സിവിൽനിയമപ്രകാരം വിവാഹം രജിസ്റ്റർ ചെയ്തവർ ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ടു ഒരുമിച്ചുജീവിച്ചാൽ പിന്നീടു ദേവാലയത്തിൽവച്ചു നടക്കേണ്ട കൂദാശാപരമായ വിവാഹത്തിന്റെ ആഘോഷത്തിനു നിയന്ത്രണങ്ങൾ ഉണ്ടാകുന്നതാണ്. സഭാംഗങ്ങളുടെ മാറിവരുന്ന ജീവിതസാഹചര്യങ്ങൾക്ക് അനുസൃതമായി അവരുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കാൻ ഉതകുന്ന ഈ നിയമം വിവാഹത്തിന്റെ കൗദാശികസ്വഭാവത്തെ അടിവരയിടുന്നതും അത് ആവശ്യപ്പെടുന്ന ജീവിതരീതി ഉറപ്പാക്കുന്നതുമാണ്.

**സഭാ സംബന്ധമായ നിങ്ങളുടെ സംശയങ്ങൾക്ക് ഞങ്ങൾ മറുപടി നൽകാം.**
**ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ,**
**മലബാർ വിഷൻ, പിഎംഒസി,**
**മേരിക്കുന്ന് പി.ഒ, കോഴിക്കോട് –12**
**വാട്സാപ്പ്: 97449 95553**

## ആറാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശ നൽകി



**കുണ്ടായിത്തോട് സെന്റ് ആന്റണീസ് ഇടവക ഇടവഴിക്കൽ സ്മിജു – ആൻസെറ്റ് ദമ്പതികളുടെ ആറാമത്തെ കുഞ്ഞ് റോസാ മിസ്റ്റിക്കായ്ക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രാരംഭ കൂദാശകൾ നൽകി.**

## ‘കുട്ടികൾക്കുള്ള ദൈവവചനങ്ങൾ’ പ്രകാശനം ചെയ്തു



**കോഴിക്കോട്:** പറോപ്പടി സെന്റ് ആന്റണീസ് ഇടവകാംഗം കൊച്ചുത്രേസ്യ മുണ്ടന്താനത്ത് രചിച്ച – കുട്ടികൾക്കുള്ള ദൈവവചനങ്ങൾ – പുസ്തകം പ്രകാശനം ചെയ്തു. കോഴിക്കോട് ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ കോഴിക്കോട് ബിഷപ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ പറോപ്പടി സെന്റ് ആന്റണീസ് ഫൊറോന പാരിഷ് സെക്രട്ടറി തോമസ് പുലിക്കോട്ടിലിന് പുസ്തകത്തിന്റെ കോപ്പി നൽകി പ്രകാശനം നിർവ്വഹിച്ചു. താമരശേരി ബിഷപ് മാർ റെമീജീയോസ് ഇഞ്ചനാനിയിൽ അധ്യക്ഷനായി.

ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ പുസ്തകം പരിചയപ്പെടുത്തി. ഫാ. ഷിബു കളരിക്കൽ, സജീവ് പുരയിടം, ജോസ് മുണ്ടന്താനത്ത്, നൈജിൽ പുരയിടം, കൊച്ചുത്രേസ്യ മുണ്ടന്താനത്ത് എന്നിവർ പ്രസംഗിച്ചു. ബൈബിളിന്റെ സംക്ഷിപ്ത രൂപം കുട്ടികൾക്കു മനസിലാകുന്ന രീതിയിൽ ലളിതമായാണ് പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. കുട്ടികൾക്ക് ബൈബിൾ വായനയിൽ കൂടുതൽ താൽപ്പര്യമുണ്ടാകാൻ പ്രചോദനമാകുന്ന ഈ ഗ്രന്ഥം സോഫിയാ ബുക്സാണ് പ്രസാധനം ചെയ്തിരിക്കുന്നത്. വില 400 രൂപ.

# പാവങ്ങളുടെ പക്ഷം ചേർന്ന വൈദികൻ

**2023 ആഗസ്റ്റ് 23–ന് നിത്യസമ്മാനത്തിനു വിളിക്കപ്പെട്ട താമരശ്ശേരി രൂപതാ വൈദികൻ ഫാ. തോമസ് കൊച്ചുപറമ്പിലിനെ അനുസ്മരിക്കുന്നു**

ജന്മംകൊണ്ട് പാലാക്കാരനും കർമ്മംകൊണ്ട് മലബാറുകാരനുമായിരുന്നു ഫാ. തോമസ് കൊച്ചുപറമ്പിൽ. ആലുവ സെമിനാരിയിൽ നിന്നും വൈദിക പരിശീലനം പൂർത്തിയാക്കിയ ശേഷം അവിഭക്ത തലശ്ശേരി രൂപതയ്ക്ക് വേണ്ടി ബോംബെയിൽ നടന്ന 38 –ാമത് അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിൽ വച്ച് പോൾ ആറാമൻ മാർപാപ്പയുടെ സാന്നിധ്യത്തിൽ 1964 ഡിസംബർ ഒന്നിന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.



ഫാ. തോമസ് കൊച്ചുപറമ്പിൽ

വെല്ലുവിളികളെയും പ്രതിസന്ധികളെയും തൃണവൽഗണിച്ചുകൊണ്ടാണ് അച്ചൻ തന്റെ പൗരോഹിത്യജീവിതം ആരംഭിച്ചത്. ഭവനങ്ങളിലെ ഒറ്റപ്പുത്രന്മാർക്ക് സെമിനാരിയിൽ പ്രവേശനം നൽകാത്ത കാലത്താണ് അച്ചനുവേണ്ടി അന്നത്തെ സെമിനാരി നിയമങ്ങളും ചട്ടങ്ങളും എല്ലാം വഴിമാറി നിന്നത്. 1937 മാർച്ച് 31–ന് പാലാ രൂപതയിലെ കടപ്ലാമറ്റം ഇടവകയിൽ കൊച്ചുപറമ്പിൽ ജോർജ് – ഏലിയാമ്മ ദമ്പതികളുടെ മൂന്നു മക്കളിൽ മൂന്നാമനായി തോമസച്ചൻ ജനിക്കുന്നത്. മൂത്ത രണ്ടു മക്കളും പെൺകുട്ടികൾ ആയിരുന്നിട്ടും മൂന്നാമനായി പിറന്ന മകന് സെമിനാരിയിലേക്ക് പ്രവേശനം ലഭിച്ചു.

ജീവിതസൗകര്യങ്ങളെല്ലാം ഉണ്ടായിരുന്ന പിറന്ന നാടിനോടും വീടിനോടും വീട്ടുകാരോടും വിടചൊല്ലിയാണ് ജീവിതസൗകര്യങ്ങൾ ഒന്നുമില്ലാത്ത മലബാറിന്റെ ഭൂമികയിൽ തോമസച്ചൻ തന്റെ ദൗത്യം ആരംഭിക്കുന്നത്. പാവങ്ങളെ – പ്രത്യേകിച്ച് ദരിദ്രരായ മക്കളെ സംരക്ഷിക്കുന്നതിൽ അച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. പാവങ്ങളെ സഹായിക്കുമ്പോൾ ജാതിയും മതവും ഒന്നും അച്ചന് തടസ്സമായിരുന്നില്ല. 2004 ജനുവരി 20–ന് തോമസച്ചൻ വിലങ്ങാട് പള്ളിയിൽ വികാരിയായിരിക്കെ അനിൽ കുമാർ എന്നു പേരായ ഹൈന്ദവ യുവാവ് അടയ്ക്കാക്കുണ്ടിൽ നിന്നും അദ്ദേഹത്തിന്റെ വിവാഹം ക്ഷണിക്കുവാൻ തോമസ് അച്ചന്റെ അടുത്തു വന്നു. അനിലിന്റെ ബാല്യവും കൗമാരവും തികഞ്ഞ ദാരിദ്ര്യത്തിൽ ആയിരുന്നു. അപ്പോഴൊക്കെ തോമസച്ചനായിരുന്നു സാമ്പത്തികമായി വിദ്യാഭ്യാസപരമായും അനിലിനെ സഹായിച്ചിരുന്നത്. ഇന്നിപ്പോൾ അനിൽ സമ്പന്നനാണ് ഗൾഫിൽ ജോലിക്കാരനും. തന്റെ ജീവിതത്തിൽ തോമസ് അച്ചൻ പിതൃതുല്യനാകയാൽ അച്ചനും കൂടി പങ്കെടുക്കാവുന്ന രൂപത്തിലാണ് വിവാഹ ചടങ്ങുകൾ ക്രമീകരിച്ചിരുന്നത്. ഇടയ്ക്കെല്ലാം അവർ സകുടുംബം വന്ന് അച്ചനിൽ നിന്നും അനുഗ്രഹാശംസകൾ നേടിയിരുന്നു. ഇപ്രകാരം അജ്ഞാതമായി പലരെയും അച്ചൻ സഹായിച്ചിരുന്നു.

കോടഞ്ചേരി ഇടവകയുടെ അസിസ്റ്റന്റ് വികാരി ആയാണ് അജപാലന ശുശ്രൂഷകൾ തോമസച്ചൻ ആരംഭിച്ചത്. പിന്നീട് മഞ്ഞുവയൽ, കട്ടിപ്പാറ, കൊളക്കാട്, ഭീമനടി, അടയ്ക്കാക്കുണ്ട്, കുളിരാമുട്ടി, മഞ്ഞക്കടവ്, പുന്നക്കൽ, കുളത്തുവയൽ, കുണ്ടുതോട്, വിലങ്ങാട്, പാതിരിക്കോട്, അശോകപുരം, പെരുവണ്ണാമുഴി, മലപ്പുറം, പടത്തുകടവ് എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. ഇതിനിടയിൽ പത്തുവർഷത്തോളം കല്യാൺ രൂപതയിലും സേവനം ചെയ്തു.

മഞ്ഞുവയൽ യുപി സ്കൂൾ, കട്ടിപ്പാറ ദേവാലയം, പടത്തുകടവ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ അച്ചൻ വലിയ പങ്കുവഹിച്ചു. പള്ളികളും സ്കൂളുകളും നിർമിക്കുന്നതോടൊപ്പം ആ പ്രദേശത്തിന്റെ സമ്പൂർണ്ണ പുരോഗതിക്കുവേണ്ടി റോഡുകളുടെയും പാലങ്ങളുടെയും പണി അച്ചന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഭവന സന്ദർശനം ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി മാത്രം അച്ചൻ ഒതുക്കി നിർത്തിയില്ല. ഇതര മതസ്ഥരെയും സന്ദർശിച്ച് അവരോട് സൗഹൃദം സ്ഥാപിക്കുക എന്നത് അച്ചന്റെ ജീവിതശൈലി ആയിരുന്നു. ദരിദ്രരുടെയും പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും ഭാഗത്തായിരുന്നു അച്ചൻ എന്നും നിലനിന്നിരുന്നത്.

2023 ആഗസ്റ്റ് 28–ന് രാവിലെ ശാരീരിക അസ്വസ്ഥത അനുഭവപ്പെടുകയും തുടർ പരിശോധനയ്ക്കായി താമരശ്ശേരി ചാവറ ഹോസ്പിറ്റലിലേക്കുള്ള യാത്രാമധ്യേ തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ തോമസച്ചൻ വിളിക്കപ്പെട്ടു. അച്ചന്റെ ഭൗതിക ദേഹം 28–ാം തിയ്യതി ഉച്ചയ്ക്ക് ഒരു മണിമുതൽ 29–ാം തിയ്യതി രാവിലെ 10 മണിവരെ അച്ചൻ അവസാനകാലത്ത് വിശ്രമജീവിതം നയിച്ച ഈരൂട് വിയാനി വൈദിക മന്ദിരത്തിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന് 10 മണിയോടെ തലശേരി അതിരൂപതയിലെ കൊട്ടോടി ഇടവകയിലെ അച്ചന്റെ ഭവനത്തിലേക്ക് ഭൗതികദേഹം സംവഹിക്കപ്പെട്ടു. ആഗസ്റ്റ് 30–ന് രാവിലെ ഒമ്പതു മണിക്ക് കൊട്ടോടി സെന്റ് സേവ്യേഴ്സ് ദേവാലയത്തിൽ, അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെയും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ നടന്നു.

*തയ്യാറാക്കിയത്:*
**ഫാ. തോമസ് ചുവപ്പുങ്കൽ**

# ക്വിസ് കോർണർ 2023



*സെപ്റ്റംബർ – ഒക്ടോബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**രമ്യ പി. അലക്സ്**
പുറ്റത്താങ്കൽ, മരുതോങ്കര

● രണ്ടാം സമ്മാനം, 500 രൂപ
**സോജൻ അലക്സ്**
നെല്ലിയാനിൽ, വെറ്റിലപ്പാറ

● മൂന്നാം സമ്മാനം, 250 രൂപ
**ആൻസ് ജോഷി**
പെരുപറമ്പിൽ, പാത്തിപ്പാറ

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**97 44 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2023 നവംബർ – ഡിസംബർ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. അമ്മയ്ക്കും കുഞ്ഞിനും കാവലും കവചവും ആരാണ്?
2. കേരളത്തിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ ആര്?
3. സിഗുറാത്തുകൾ ആദ്യമായി നിർമ്മിച്ചത് ആര്?
4. ഇന്ത്യയിലെ ക്രൈസ്തവരുടെ ജനസംഖ്യ എത്ര ശതമാനമാണ്?
5. കെഎഎസ് പരീക്ഷ വിജയിച്ച് ജോലി ലഭിക്കുന്നവർക്കുള്ള പരിശീലനം ഏതു സ്ഥാപനത്തിലാണ് നൽകുന്നത്?
6. എസ്എസ്സി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തേണ്ടത് ഏത് വെബ്സൈറ്റിലൂടെയാണ്?
7. റൂബി ജൂബിലിയുടെ ഭാഗമായി നവംബർ ഒന്നു മുതൽ ഡിസംബർ രണ്ടുവരെ നാൽപതു മണി ആരാധന നടക്കുന്നത് ഏത് ഫൊറോനയിലാണ്?
8. 'കുട്ടികൾക്കുള്ള ദൈവവചനങ്ങൾ' എന്ന ഗ്രന്ഥം രചിച്ചത് ആരാണ്?
9. 'മായാത്ത മഷിത്തുള്ളികൾ', 'ചിന്താരത്നങ്ങൾ' എന്നീ ഗ്രന്ഥങ്ങൾ രചിച്ചതാര്?
10. അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ മികച്ച യുവ വനിതാ താരത്തിനുള്ള പുരസ്ക്കാരം നേടിയത് ആര്?

**ഉത്തരങ്ങൾ 2023 ഡിസംബർ 10 ന് മുമ്പ് ലഭിക്കണം**

## സെപ്റ്റംബർ – ഒക്ടോബർ ലക്കം ഉത്തരങ്ങൾ

1. ഒക്ടോബർ 2. പെർസിക്യൂഷൻ റിലീഫ് 3. മധ്യപ്രദേശിലെ ഉദയ്നഗർ 4. കുക്കി–മെയ്തേയ് 5. ഷംഷാബാദ് 6. പോർച്ചുഗലിൽ നിന്നുള്ള ഈശോ സഭ 7. മുത്ത്, രത്നം 8. ജപമാല 9. 1975 10. ചാർച്ചാബന്ധം

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**


**ഉത്തരങ്ങൾ ഇവിടെ എഴുതുക**

ഇവിടെ മുറിക്കുക

1
2
3
4
5
6
7
8
9
10

പേര്: ..................................................
വീട്ടുപേര്: ..................................................
ഇടവക: ..................................................
ഫോൺ: ..................................................

# കുഞ്ഞുമാലാഖ കഥ പറയുമ്പോൾ



സിസ്റ്റർ ടെൽന SABS

ഈശോയുടെ കുഞ്ഞുമക്കളേ, നിങ്ങൾക്കെല്ലാവർക്കും സുഖമാണോ? എല്ലാവരും നന്നായി പ്രാർത്ഥിക്കുന്നുണ്ടോ? എപ്പോഴും കുഞ്ഞുമാലാഖയെ കൂട്ടുവിളിക്കണം കേട്ടോ. ഇന്ന് നമുക്ക് വിശുദ്ധ ജെറോമിന്റെ ജീവിതത്തിലെ രണ്ടു കഥകൾ കേൾക്കാം അല്ലേ? തിരുസഭയിലെ ഒരു വലിയ വിശുദ്ധനാണ് വിശുദ്ധ ജെറോം. മരുഭൂമിയിലെ ഏകാന്തതയിൽ ദീർഘനാൾ ചെലവഴിച്ച് തിരുവചനത്തിലെ ക്രിസ്തുവിനെ ധ്യാനിച്ച് ക്രിസ്തുവിനുവേണ്ടി ജീവിതമർപ്പിച്ച വിശുദ്ധൻ. മരുഭൂമിയിലെ കൊടും ചൂടിൽ ഭക്ഷണവും വെള്ളവുമായി ദൈവം ജെറോമിനെ തേടിയെത്തിയിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഏകാന്ത തപസിൽ ക്ഷീണിതനായി ഉപവാസത്താൽ തളർന്നുവലഞ്ഞിരുന്ന ജെറോമിന് അപ്പക്കഷ്ണവുമായി ഒരു പരുന്ത് എത്തുമായിരുന്നു. വിശന്നു വലഞ്ഞ് അവശനായ ജെറോമിന്റെ അരികിൽ താഴ്ന്നു പറന്നുവന്ന് തന്റെ ചുണ്ടിലൊതുക്കിയ അപ്പം ജെറോമിന് സമ്മാനിച്ച് പരുന്ത് വീണ്ടും പറന്നുയരും. അടുത്ത ദിവസം വീണ്ടും പരുന്ത് ജെറോമിനെ തേടിയെത്തും. ഇങ്ങനെ വിശക്കുന്നവന്റെ വിശപ്പ് അകറ്റിയത് മറ്റാരും ആയിരുന്നില്ല. സ്നേഹപിതാവായ ദൈവം തന്നെയായിരുന്നു.



പിന്നീടൊരിക്കൽ ഒരു വനത്തിന് സമീപത്തൂടെ ജെറോം നടന്നു പോവുകയായിരുന്നു. നടന്നു തളർന്നപ്പോൾ അൽപം വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ അദ്ദേഹം ഇരുന്നു. ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയ അദ്ദേഹം കണ്ണുതുറന്നപ്പോൾ ഞെട്ടിപ്പോയി. തൊട്ടുമുമ്പിൽ ഒരു സിംഹം തന്നെതന്നെ ഉറ്റുനോക്കി നിൽക്കുന്നു. ഭയന്നുവിറച്ചു പോയി ജെറോം. ഓടി രക്ഷപ്പെടാൻ മാർഗമില്ല. സിംഹം തൊട്ടുമുമ്പിൽ തന്നെയുണ്ട്. പക്ഷേ സിംഹം അനങ്ങുന്നില്ല. വേദനിച്ചിട്ടെന്നോണം മുരളുന്നുണ്ട്. സൂക്ഷിച്ചു നോക്കിയപ്പോൾ കണ്ടു സിംഹരാജന്റെ കാലിൽ ഒരു വലിയ മുള്ളു തറച്ചിരിക്കുന്നു. അതിന്റെ വേദനയിലാണ് സിംഹം മുരളുന്നത്. ജെറോം മെല്ലെ സിംഹത്തിനടുത്തെത്തി. കാലിൽ തറച്ച മുള്ള് ശ്രദ്ധാപൂർവ്വം വലിച്ചൂരി. നന്ദി സൂചകമായി സിംഹം ജെറോമിനെ തൊട്ടുരുമി നിന്നു. ഭക്ഷണം തേടിപ്പോയ ജെറോമിന്റെ കൂട്ടുകാർ തിരിച്ചുവന്നപ്പോൾ കണ്ടത് ഉറ്റ ചങ്ങാതിമാരെ പോലെ തൊട്ടുരുമി നിന്ന് ഉല്ലസിക്കുന്ന ജെറോമിനെയും സിംഹത്തെയുമാണ്.

അതേ, കൂട്ടുകാരെ ഈശോയെ സ്നേഹിച്ച് അവിടുത്തോടൊത്ത് ജീവിക്കുമ്പോൾ അവിടുത്തെ സൃഷ്ടികളെല്ലാം നമുക്ക് കൂട്ടുകാരാകും. വിശുദ്ധ ജെറോമിനേപ്പോലെ വിശുദ്ധ ബൈബിൾ നമുക്ക് നെഞ്ചോടു ചേർക്കാം. വചനം വായിക്കുവാനും പഠിക്കുവാനും തീക്ഷ്ണതയുള്ളവരാകാം. അങ്ങനെ വചനമായ യേശുവിന്റെ നല്ല കുഞ്ഞുങ്ങളായി നമ്മുക്കും വളരാം.






# കൃപയോടെ ജീവിതവീഥിയിൽ

**ലോകമെമ്പാടുമുള്ള പുസ്തക പ്രേമികളുടെ പ്രിയപ്പെട്ട ആമസോൺ കിന്റിലിൽ തന്റെ രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ഇടവകകളിലും പൊതുപ്രവർത്തന രംഗങ്ങളിലും നിസ്വാർത്ഥ സേവനത്തിലൂടെ ജനപ്രിയനായിത്തീരുകയും ചെയ്ത ഫാ. മാത്യു ഓണയാത്തൻകുഴിയുടെ 91–ാം പിറന്നാൾ 2023 ഒക്ടോബർ 17–ന് സമംഗളം ആഘോഷിച്ചു.**

ആദരണീയനായ മാത്യു ഓണയാത്തൻകുഴിയച്ചൻ 91–ാം പിറന്നാൾ നിറവിലാണ്. 48 വർഷത്തെ അജപാലന ശുശ്രൂഷയിൽ നിന്നു വിരമിച്ച ഫാ. മാത്യു ഓണയാത്തൻകുഴി ഇപ്പോൾ മേരിക്കുന്ന് ഗുഡ് ഷെപ്പേഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയും അവിടെ റെക്ടറായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു.

1932 ഒക്ടോബർ ഏഴിന് കാഞ്ഞിരപ്പള്ളി രൂപതയിലെ പഴയിടം ഇടവകയിൽ ഓണയാത്തൻകുഴി വർക്കി–ഏലി ദമ്പതികളുടെ ഏഴുമക്കളിൽ അഞ്ചാമനായാണ് ഫാ. മാത്യു ജനിച്ചത്. ഇന്റർമീഡിയറ്റിനു ശേഷം 1954ൽ തലശേരി രൂപതയ്ക്കു വേണ്ടി പാലായിലെ കുമ്മണ്ണൂർ മൈനർ സെമിനാരിയിൽ ചേർന്നു. 1964 മാർച്ച് 13–ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു. മേയ് 17–ന് പെരുവണ്ണാമൂഴി വികാരിയായും കുളത്തുവയൽ അസി. വികാരിയായും നിയമിതനായി. അന്ന് കുളത്തുവയൽ വികാരിയായിരുന്ന ഫാ. സി. ജെ. വർക്കിയച്ചനുമായുള്ള സഹവാസം ഏറെ അഭിമാനകരമായിരുന്നെന്ന് ഫാ. ഓണയാത്തൻകുഴി ഓർക്കുന്നു. തലശ്ശേരി, താമരശ്ശേരി രൂപതകളിലെ പതിനഞ്ചോളം ഇടവകകളിൽ അച്ചൻ സേവനം ചെയ്തിട്ടുണ്ട്. റോം, ജറുസലേം, പാലസ്തീൻ എന്നിവിടങ്ങളിലെ വിശുദ്ധയിടങ്ങളിലൂടെയുള്ള തീർത്ഥയാത്ര അദ്ദേഹത്തെ പുണ്യനിറവിലേക്ക് നയിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലൂടെയുള്ള യാത്രകൾ പുതിയ ജീവിത വീക്ഷണമേകി. 80–ാം വയസിൽ കട്ടിപ്പാറ ഇടവകയിൽ നിന്നുമാണ് വിരമിക്കുന്നത്. ജീവിത സഹനങ്ങളെ ശാന്തതയോടെ സ്വീകരിച്ച്, രോഗപീഡകളെ ക്രിസ്തുവിന്റെ പീഡാസഹനങ്ങളോടു ചേർത്തുവച്ച അനുഗ്രഹീത ജന്മമാണ് അച്ചന്റേത്. ഈ ജീവിത ഘട്ടത്തിൽ പത്തോളം ശസ്ത്രക്രിയകൾക്ക് അദ്ദേഹം വിധേയനായി. വിശ്രമജീവിതകാലത്ത് 'മായാത്ത മഷിത്തുള്ളികൾ', 'ചിന്താരത്നങ്ങൾ' എന്നീ ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. ഇതിനുവേണ്ട മർഗ്ഗനിർദേശങ്ങൾ നൽകിയത് ശാലോം ഡയറക്ടർ ഷെവലിയർ ബെന്നി പുന്നത്തറയാണ്. 'മായാത്ത മഷിത്തുള്ളികൾ' മൂന്നാം എഡിഷൻ പിന്നിട്ടു. ആമസോൺ കിന്റിൽ വഴി പ്രസ്തുത ഗ്രന്ഥങ്ങൾ ഓൺലൈനായി വായിക്കാനും വാങ്ങാനും കഴിയും. വേദപാഠ ക്ലാസുകളിൽ ഉപപാഠ പുസ്തകമായി ഉപയോഗിക്കാവുന്നവയാണ് ഈ ഗ്രന്ഥങ്ങളെന്ന് ഫാ. മാത്യു ഓണയാത്തൻകുഴി പറയുന്നു.

ഈ ജന്മദിനാവസരത്തിൽ അച്ചന് നമ്മോടു പറയാനുള്ളത് ചൈനീസ് ഭാഷയിലുള്ള ഒരു വാക്കാണ് – 'വൊയ്ചി'. 'വൊയ്' എന്ന വാക്കിനർത്ഥം പ്രതിസന്ധിയെന്നും 'ചി' എന്ന വാക്കിനർത്ഥം അവസരം എന്നുമാണ്. ഏതു പ്രതിസന്ധിയിലും നല്ല കാഴ്ചപ്പാടും അവസരവും ഉണ്ടാകും. പ്രതിസന്ധികളിൽ ഭഗ്നാശരാകാതെ അതിൽ തെളിഞ്ഞുവരുന്ന അവസരങ്ങളെ ഉപയോഗിച്ച് ദൈവസഹായത്തോടെ നന്മയിൽ ജീവിക്കുക.



കാറ്റുള്ളമല ഇടവകാംഗം
കുര്യൻ വെള്ളാരംകാലായിൽ
ഓണയാത്തൻകുഴി അച്ചനെക്കുറിച്ച് രചിച്ച

## കവിത

വെളിച്ചം പകരുന്നവൻ
ഹൃദയത്തിൽ നിറവുള്ളോരച്ചൻ
അറിവിന്റെ നിറവാർന്നോരച്ചൻ
പേരു ചൊല്ലി വിളിക്കുന്ന സ്നേഹം
പോരായ്മ ഇല്ലാത്ത ജീവിതസൂനം

ഇരുളും വെളിച്ചവും മഴയും മഞ്ഞും
കാറ്റും കോളും കാലവും പക്കവും
നോക്കാതെ മണ്ണിനെ സ്നേഹിച്ച
കറകളഞ്ഞോരു യേശു ശിഷ്യൻ

അകതാരിലാശകൾ സടകുടഞ്ഞാലും
ശാന്തമായ് നേരിടും ശാന്തശീലൻ
സഹനങ്ങളിൽ പുഞ്ചിരി തൂകിയെന്നും
സരളമായിയെന്നും സഹിക്കുന്നവൻ

പിടിവാശിയില്ലാതെ അഹംഭാവമില്ലാതെ
ജീവിതം സാക്ഷ്യമായ് നൽകിയവൻ
തെറ്റുകൾ കുറവുകൾ ക്ഷമ തേടിയെന്നും
അഭിമാനം കാത്തു കരുതിയവൻ

ഇരുളടഞ്ഞോരാ മലബാറിൻ മണ്ണിൽ
ശരറാന്തലായി തെളിഞ്ഞു നിന്നു
ലോകത്തിൻ ദീപമായ് യേശുവിനെ
ജീവിത വഴികളിൽ പകർന്നു നല്കാൻ

Advt.

അച്ചൻ എഴുതിയ
ബുക്കുകൾ വായിക്കാൻ
QR കോഡ് സ്കാൻ ചെയ്യുക




Thomarakattil Tiles

'നവീകരിച്ച ഷോറൂം
വിശാലമായ കളക്ഷൻസ്'



Kajaria, Johnson തുടങ്ങിയ ബ്രാൻഡുകളുടെ എക്സ്ക്ലൂസിവ് സ്റ്റുഡിയോ. വിവിധ സൈസിൽ ഉള്ള സ്ലാബ് ടൈലുകൾ, സാനിറ്ററി വെയർ, ബാത് ഫിറ്റിംഗ്സ് തുടങ്ങിയവയുടെ വിശാലമായ കളക്ഷൻസ്, 10,000 Sq.ft ഉള്ള നവീകരിച്ച ഷോറൂമിൽ നിങ്ങൾക്കായി ഒരുക്കി വെച്ചിരിക്കുന്നു.

MAJOR BRANDS: KAJARIA, JOHNSON, SOMANY, MYK LATICRETE, WEBER, RAMCO, KEROVIT PARRYWARE

Our sister concerns - Thomarakattil Hardwares | Thomarakattil furniture
Thomarakattil Electricals | Thomarakattil Sheets and pipes

Thomarakattil Tiles
Calicut Road, Thiruvambady, Kozhikode
Pincode: 673 603, Ph: 9562 252 190, 04952 252 190

# ഓർമ്മകളിൽ ഫാ. ജോൺ പ്രകാശ്



"Father John will be remembered by many in our diocese as a joyful priest who was always on the go, visiting the sick in hospitals and nursing homes and graciously serving the faithful in our parishes. Please pray for the repose of the soul of Father John and for the consolation of his family."

**Bishop Frank J. Caggiano.**
(Bishop, Diocese of Bridgeport)



**ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയോടൊപ്പം**



**വിശുദ്ധ മദർ തെരേസയോടൊപ്പം ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ**



**അമേരിക്കയിലെ സീറോ മലബാർ വിശ്വാസികൾക്കൊപ്പം ജോണച്ചൻ**

1930 മെയ് ഒൻപതിന് പുന്നക്കുന്നേൽ ജോൺ – ഏലിയാമ്മ ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമനായി ജോൺ അച്ചൻ പാലാ രൂപതയിലെ വലവൂരിൽ ജനിച്ചു. പൈങ്ങളം പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ചു. ഇടനാട്, കുടക്കച്ചിറ, പാലാ എന്നിവിടങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1947 ഫെബ്രുവരി 27–ന് സലേഷ്യൻ സഭയിൽ സെമിനാരി പരിശീലനം ആരംഭിച്ചു. തുടർന്ന് ജോൺ അച്ചന്റെ ഇളയ ഇരട്ട സഹോദരങ്ങളായ ദേവസ്യാച്ചൻ അച്ചനും പൈലോ അച്ചനും സലേഷ്യൻ സഭയിൽ ചേർന്ന് വൈദിക പരിശീലനം നടത്തി. പരേതനായ മാത്യുവാണ് മൂത്ത സഹോദരൻ. ലാസലേറ്റ് മിഷനറി സഭാംഗമായ ഫാ. ജോസ് പുന്നക്കുന്നേലും ചാരിറ്റി സന്യാസ സഭാംഗമായ സിസ്റ്റർ ജ്യോതിയും സഹോദര മക്കളാണ്. ദൈവവിളികളാൽ സമ്പന്നമായിരുന്നു പുന്നക്കുന്നേൽ കുടുംബം. ജോണച്ചൻ ഡോൺ ബോസ്കോ സഭയുടെ കൽക്കട്ട പ്രൊവിൻസിലും ഷില്ലോങ്ങിലും ബ്രദറായിരിക്കെ അധ്യാപകനായി 20 വർഷങ്ങൾ സേവനം ചെയ്തു. അതോടൊപ്പം കൽക്കട്ടയിൽ വിശുദ്ധ മദർ തെരേസയോടൊപ്പം ശുശ്രൂഷ ചെയ്യുവാനും ജോണച്ചന് സാധിച്ചു. ഫിലോസഫി പഠനത്തിനുശേഷം ആലുവ മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം നടത്തി.

1979 ഡിസംബർ 23–ന് വെല്ലൂർ രൂപതയ്ക്ക് വേണ്ടി കൂടരഞ്ഞി പള്ളിയിൽ വച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു. അധികം താമസിയാതെ, മിഷൻ പ്രവർത്തനത്തിനായി കാനഡയിലേക്ക് പോവുകയും ഏതാനും വർഷങ്ങൾ അവിടെ അജപാലന ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു. തുടർന്ന്, അമേരിക്കയിലെ ന്യൂയോർക്ക് അതിരൂപതയിലും പിന്നീട് 1995–ൽ ബ്രിഡ്ജ്പോർട്ട് (Bridgeport) രൂപതയിലും ചേർന്ന് വിവിധ ഇടവകകളിൽ പൗരോഹിത്യ ശുശ്രൂഷ നിർ



**ഫാ. ജോൺ പ്രകാശ് പുന്നക്കുന്നേൽ**
**(1930 – 2023)**



**പൗരോഹിത്യ സ്വീകരണവേളയിൽ ജോണച്ചൻ തന്റെ അമ്മയോടൊപ്പം**



**വൈദിക സഹോദരന്മാരോടൊപ്പം ഫാ. ജോൺ**

വഹിച്ചു. അതോടൊപ്പം, വിവിധ ആശുപത്രികളിൽ ചാപ്ലിനായും അവധിക്കാലങ്ങളിൽ യാത്ര കപ്പലുകളിൽ ചാപ്ലിനായും (Cruise Ship Priest) സേവനം ചെയ്തു. 90 വയസ്സുവരെ തീഷ്ണതയോടെ തന്റെ അജപാലന ശുശ്രൂഷ തുടർന്നു. അതിനുശേഷവും മെക്സിക്കോയിൽ പോയി മിഷൻ പ്രവർത്തനം നടത്തണമെന്ന് ജോണച്ചൻ ആഗ്രഹിച്ചിരുന്നു. അമേരിക്കയിലുള്ള മലയാളികൾക്ക് വേണ്ടി ഞായറാഴ്ചകളിൽ ദീർഘദൂരം യാത്രചെയ്ത് സീറോ മലബാർ കുർബാന അർപ്പിക്കുമായിരുന്നു. നോർവാക്ക് സീറോ മലബാർ കൂട്ടായ്മയ്ക്ക് തുടക്കമിട്ടത് ജോൺ അച്ചനായിരുന്നു. പ്രായമേറെ ആയിട്ടും സ്പാനിഷ് പോലുള്ള വിവിധ ഭാഷകൾ പഠിക്കുവാനും പലവിധ കോഴ്സുകൾ പൂർത്തീകരിക്കുവാനും അച്ചന് സാധിച്ചു.

ലളിത ജീവിതവും കഠിനാധ്വാനവുമായിരുന്നു അച്ചന്റെ മുഖമുദ്ര. സംഗീതവും ഫോട്ടോഗ്രാഫിയും അച്ചന് ഏറെ ഇഷ്ടമായിരുന്നു. ഓടക്കുഴൽ വളരെ മനോഹരമായി വായിക്കും. തന്റെ സമ്പാദ്യം മുഴുവൻ പാവങ്ങൾക്കായി ചെലവഴിക്കുവാനാണ് അച്ചൻ ആഗ്രഹിച്ചത്. ധാരാളം പാവപ്പെട്ട പെൺകുട്ടികളെ നഴ്സിങ് പഠിപ്പിക്കുവാൻ സാമ്പത്തിക സഹായം നൽകി. താമരശ്ശേരി രൂപതയിലെ ഈസ്റ്റ്ഹിൽ പോലെയുള്ള പള്ളികൾ നിർമ്മിക്കുവാനും ജോണച്ചൻ സഹായിക്കുകയുണ്ടായി. സ്വന്തം ഇടവകയായ കൂടരഞ്ഞി പള്ളി നിർമ്മാണത്തിനുള്ള ആദ്യ സംഭാവന ജോണച്ചന്റെ വകയായിരുന്നു. പള്ളിയുടെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുക്കണമെന്നുള്ള അച്ചന്റെ ആഗ്രഹം പൂർത്തീകരിക്കാൻ സാധിച്ചില്ല.

മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനോടും തുടർന്ന് മാർ റെമീജിയോസ് പിതാവിനോടും നല്ല അടുപ്പം പുലർത്തിയിരുന്നു. അവസാനകാലം തന്നാൽ കഴിയുന്ന സേവനങ്ങൾ തന്റെ മാതൃരൂപതയായ താമരശ്ശേരിയിൽ ചെയ്യുവാൻ ജോണച്ചൻ ആഗ്രഹിച്ചു. എന്നാൽ, ഓർമ്മക്കുറവിന്റെ ബുദ്ധിമുട്ടുകൾ ഉണ്ടായപ്പോൾ മനസ്സില്ലാമനസ്സോടെ 40 വർഷത്തിനുശേഷം അമേരിക്കയിൽ നിന്നും മടങ്ങി വരികയും 2020 ഏപ്രിൽ മാസം മുതൽ ഈരൂട് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയും ചെയ്തു. താമരശ്ശേരി രൂപതയിലെ ദിവംഗതനായ മോൺസിഞ്ഞോർ സി. ജെ. വർക്കി കുഴികുളം മാതൃസഹോദരനും ഫാ. വിൻസെന്റ് കറുകമാലിൽ സഹോദരി പുത്രനുമാണ്. 2023 സെപ്റ്റംബർ ഏഴിന് സ്ട്രോക്ക് വന്നത് മൂലം കോഴിക്കോട് മേരിക്കുന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. 2023 സെപ്റ്റംബർ 27 ബുധനാഴ്ച ഉച്ചയ്ക്ക് 2.30–ന് ജോണച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സെപ്റ്റംബർ 29 വെള്ളിയാഴ്ച ഉച്ചയ്ക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കൂടരഞ്ഞി പള്ളിയിൽ മൃതസംസ്കാര കർമ്മങ്ങൾ നടന്നു. ഒരു വിശുദ്ധനായ വൈദികന്റെ സംസ്കാര കർമ്മത്തിലാണ് നാം പങ്കെടുക്കുന്നതെന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു.



"I shall pass this way but once;
Therefore, any good that I can do
Or any kindness I can show,
Let me do it now For I shall not
pass this way again.''

**ജോണച്ചന്റെ ആപ്തവാക്യം**

Advt.

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Rony Paul Kavil